

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2015
ഒക്ടോബർ

Volume VI Issue 81

Times of America Online Monthly News Journal.
web:**mytimesofamerica.com**

Tel: 267-991-2111
e-mail:**timesofamerica@yahoo.com**


## കോളജ് കാമ്പസ് വീണ്ടും കുരുതിക്കളം; പത്തിലേറെ മരണം



*വാഷിംഗ്ടൺ:* കമ്യൂണിറ്റി കോളജിലെ വെടി വയ്പിന്റെ പശ്ചാത്തലത്തിൽ തോക്കു നിയന്ത്രണം ശക്തമാക്കാൻ യുഎസ് പ്രസിഡന്റ് ബറാക് ഒബാമ ആവശ്യപ്പെട്ടു.

ഓറിഗൺ സംസ്ഥാനത്തെ പോർട്ട്ലൻഡ് നഗരത്തിൽനിന്നു 180 മൈൽ അകലെയുള്ള റോസ്ബർഗിലെ ഉംപ്ക്വ കമ്യൂണിറ്റി കോളജിൽ വ്യാഴാഴ്ച തോക്കുധാരി നടത്തിയ വെടി വയ്പിൽ ഒമ്പതു പേർ മരിച്ചു. അക്രമിയും പോലീസിന്റെ വെടിയേറ്റു മരിച്ചു. പരിക്കേറ്റ ഏഴു പേരിൽ ചിലരുടെ നില ഗുരുതരമാണ്.

ഈ വർഷം അമേരിക്കയിൽ വിദ്യാലയങ്ങളിൽ നടക്കുന്ന 45-ാമത്തെ വെടിവയ്പാണിത്.

ക്രൈസ്തവ വിശ്വാസികൾ എഴുന്നേറ്റു നിൽക്കാൻ അക്രമി ആവശ്യപ്പെട്ടു. ക്രിസ്ത്യാനിയാണ് അല്ലേ. ശരി ഒരു മിനിറ്റിനകം നിങ്ങൾ ദൈവത്തെ കാണാൻ പോകുകയാണെന്ന് പറഞ്ഞുകൊണ്ടാണ് അക്രമി വെടിയുതിർത്തതെന്ന് ഒരു കുട്ടിയുടെ പിതാവിനെ ഉദ്ധരിച്ചു സിഎൻഎൻ റിപ്പോർട്ടു ചെയ്തു.

നാലു തോക്കുകൾ ഇയാളുടെ കൈവശമുണ്ടായിരുന്നു. ഒരു ക്ലാസ് റൂമിൽ വെടിയുതിർത്തശേഷം അടുത്ത ക്ലാസിലേക്കു നീങ്ങുകയായിരുന്നു. 3000 കുട്ടികൾ പഠിക്കുന്ന കോളജാണ് ഉംപ്ക്വ കമ്യൂണിറ്റി കോളജ്.

കൂട്ടക്കൊലയിൽ ദുഃഖവും രോഷവും പ്രകടിപ്പിച്ച പ്രസിഡന്റ് ഒബാമ ശക്തമായ ആയുധ നിയന്ത്രണ നടപടികൾക്ക് ഇനിയും വൈകരുതെന്നു രാഷ്ട്രീയക്കാരോടും വോട്ടർമാരോടും ആവശ്യപ്പെട്ടു. അക്രമി ക്രിസ്റ്റഫർ ഇംഗ്ളണ്ടിൽനിന്നു അമേരിക്കയിൽ കുടിയേറിയ കുടുംബത്തിലെ അംഗമാണ്. തീവ്രവാദി പ്രസ്ഥാനങ്ങളോട് ഇയാൾക്ക് അനുഭാവമുണ്ടെന്നുള്ള റിപ്പോർട്ടുകളും ലഭിച്ചതായി മാധ്യമങ്ങൾ വിലയിരുത്തുന്നു.

## ജോൺ ഗില്ലർമിൻ അന്തരിച്ചു



*ലോസ് ആഞ്ചലസ്:* ചലച്ചിത്രങ്ങളുടെ സംവിധായകൻ ജോൺ ഗില്ലർമിൻ (89) അന്തരിച്ചു. 1970കളിൽ ഒന്നര ക്കോടി ഡോളർ മുടക്കി നിർമിച്ച ദ ടവറിംഗ് ഇൻഫെർണോ 11.6 കോടി ഡോളർ നേടി. ഡെത്ത് ഓൺ ദ നൈൽ, കിംഗ് കോംഗ് ലിവ്സ്, ദ ബ്ലൂ മാക്സ്, ടാർസൻസ് ഗ്രേറ്റസ്റ്റ് അഡ്വഞ്ചർ, വാൾട്ട്സ് ഓഫ് ദ ടോറീഡേഴ്സ്, സ്കൈജാക്ഡ്, ഷാഫ്റ്റ് ഇൻ ആഫ്രിക്ക തുടങ്ങിയവ ഗില്ലർമിന്റെ ചിത്രങ്ങളാണ്.

## അധിനിവേശ കാശ്മീരിൽ നിന്ന് പിൻമാറണമെന്ന് ഇന്ത്യ



*വാഷിംഗ്ടൺ:* ഭീകരവാദത്തെ പ്രോത്സാഹിപ്പിക്കുന്നത് അവസാനിപ്പിച്ച് അധിനിവേശ കാഷ്മീരിൽനിന്നു പിൻവാങ്ങണമെന്നു പാക്കിസ്ഥാനോട് ഇന്ത്യയുടെ താക്കീത്. ഭീകരവാദത്തിന്റെ ഇരയല്ല പാക്കിസ്ഥാനെന്നും സ്വന്തം രാഷ്ട്രീയത്തിലൂടെ കലുഷിതമായതാണ് അവരുടെ ഭൂമിയെന്നും വിദേശകാര്യ വക്താവ് വികാസ് സ്വരൂപ് ട്വിറ്ററിലൂടെ ആഞ്ഞടിച്ചു.

തീവ്രവാദത്തിനു വളമേകുന്ന നിലപാടുകളിൽനിന്നു പാക്കിസ്ഥാൻ പിന്മാറണം. സ്വയം വരുത്തിവച്ച പ്രശ്നങ്ങൾക്ക് അയൽരാജ്യങ്ങളെ കുറ്റപ്പെടുത്തേണ്ട കാര്യമില്ലെന്നും വികാസ് സ്വരൂപ് തുറന്നടിച്ചു. കാഷ്മീർ പ്രശ്നത്തിൽ പരിഹാരം കാണുന്നതിൽ യുഎന്നിനു വീഴ്ച പറ്റിയെന്നു യുഎൻ ജനറൽ അസംബ്ലിയിൽ പാക് പ്രധാനമന്ത്രി നവാസ്ഷരീഫ് പറഞ്ഞതിനുള്ള മറുപടിയായാണു സ്വരൂപിന്റെ ട്വീറ്റ്.

സീയാച്ചിനിൽനിന്ന് സേനയെ പിൻവലിക്കുക, കാഷ്മീരിനെ സൈനികമുക്തമാക്കുക തുടങ്ങിയ ആവശ്യങ്ങളും ഷെരീഫ് ഉന്നയിച്ചിരുന്നു. കാഷ്മീരികളുടെ അഭിപ്രായം ഇക്കാര്യത്തിൽ തേടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കാഷ്മീരിനെ സൈനികമുക്തമാക്കുന്നതല്ല, പാക്കിസ്ഥാനെ തീവ്രവാദ മുക്തമാക്കുകയാണ് പ്രശ്നപരിഹാരങ്ങൾക്കുള്ള വഴിയെന്ന് ഇന്ത്യ തിരിച്ചടിച്ചു. അധിനിവേശം അവസാനിപ്പിച്ച് അധിനിവേശ കാഷ്മീരിൽനിന്ന് പാക്കിസ്ഥാൻ പിൻവാങ്ങണം. കാഷ്മീരിൽ അധിനിവേശം ഉണ്ടെന്ന് ഷരീഫ് പറഞ്ഞതു ശരിയാണ്. ആരാണ് അധിനിവേശം നടത്തിയിരിക്കുന്നതെന്ന് തങ്ങൾക്ക് അറിയാം. പാക് അസ്ഥിരതയ്ക്ക് കാരണം ഇന്ത്യയല്ലെന്നും സ്വരൂപ് വ്യക്തമാക്കി.

## സ്ത്രീയുടെ വധശിക്ഷ നടപ്പാക്കി

*വാഷിംഗ്ടൺ:* ഭർത്താവിനെ കൊലപ്പെടുത്തിയ കേസിൽ കെല്ലി ഗിസൻഡാനർ എന്ന വനിതയെ വധശിക്ഷയ്ക്കു വിധേയയാക്കി.

70 വർഷത്തിനുള്ളിൽ ജോർജിയയിൽ വധശിക്ഷയ്ക്കു വിധേയയാവുന്ന ആദ്യ വനിതയാണ് കെല്ലി. അവരുടെ അഭിഭാഷകർ സമർപ്പിച്ച മൂന്ന് അപ്പീലുകളും സുപ്രീം കോടതി തള്ളി. കെല്ലിയുടെ വധശിക്ഷ ഒഴിവാക്കാൻ പരോൾ ബോർഡിനു മാർ പാപ്പയുടെ പ്രതിനിധി നൽകിയ കത്തും പരിഗണിക്കപ്പെട്ടില്ല.








# ഫ്രാൻസിസ് മാർപാപ്പയുടെ ഫിലാഡൽഫിയൻ സന്ദർശനം

**ജോസ് മാളേയ്ക്കൽ**



*ഫിലാഡൽഫിയ:* ബെൻ ഫ്രാങ്ക്ളിൻ പാർക്ക്‌വേയിൽ തിങ്ങിക്കൂടിയ ജനലക്ഷങ്ങളെ സാക്ഷിയാക്കി ഫ്രാൻസിസ് മാർപാപ്പ സെപ്റ്റംബർ 27നു വൈകിട്ട് 4ന് അർപ്പിച്ച ദിവ്യബലിയോടെ ആറു ദിവസങ്ങളിലായി സഹോദരസ്നേഹത്തിൻ നഗരമായ ഫിലാഡൽഫിയയിൽ നടന്നുവന്ന വേൾഡ് ഫാമിലി മീറ്റിംഗിനും, ഫെസ്റ്റിവൽ ഓഫ് ഫാമിലീസിനും തിരശീല വീണു.

രണ്ടുമില്യനോളം ആൾക്കാർ പാർക്ക്‌വേയിലെത്തി നേരിട്ടും അതിനേക്കാൾ പതിന്മടങ്ങ് ലോകത്തിന്റെ ഭാഗങ്ങളിൽ നിന്നും ടിവിയുടെ മുൻപിൽ ഇരുന്നും വിശുദ്ധ കുർബാനയിൽ പങ്കുചേർന്ന് നിർവൃതിയടഞ്ഞു.

വിശുദ്ധ കുർബാന ആരംഭിക്കുന്നതിനു 15 മിനിറ്റുമുൻപുതന്നെ ജനക്കൂട്ടം നിശബ്ദരായി പ്രാർത്ഥനാ നിരതരായി ബലിയർപ്പണത്തിനായി തയാറെടുത്തു. വൈകുന്നേരം നാലിനു ആരംഭിച്ച ദിവ്യബലിയിൽ വിവിധ രാജ്യങ്ങളിൽനിന്നെത്തിയ കർദിനാൾമാരും, ബിഷപ്പുമാരും, നിരവധി വൈദികരും തിരുവസ്ത്രമണിഞ്ഞു പങ്കുചേർന്നു. ഇംഗ്ലീഷിലും, സ്പാനിഷിലും, ലാറ്റിനിലും പ്രാർഥനകൾ മാറി മാറി മാർപാപ്പ ഉരുവിട്ടു. കുർബാനമധ്യേയുള്ള വായനകൾ സ്പാനീഷിലും, വിയറ്റ്നാമീസ് ഭാഷയിലും, സുവിശേഷ വായന ഇംഗ്ലീഷിലും ആയിരുന്നു. പരിശുദ്ധ പിതാവ് സ്പാനീഷിലാണ് സന്ദേശം നൽകിയത്.

കാഴ്ച്ചവയ്പ്പിന്റെ സമയത്ത് ഗായകസംഘം വേൾഡ് മീറ്റിംഗ് ഓഫ് ഫാമിലീസ് ഫിലാഡൽഫിയ കോൺഫറൻസിന്റെ തീം സോംഗായ ഭസൌണ്ട് ദി ബെൽ ഓഫ് ഹോളി ഫ്രീഡം' എന്ന ഗാനം ആലപിച്ചു.

ദിവബലിക്കുമുൻപ് 3.25നു തുടങ്ങിയ പരേഡിലുടനീളം പരിശുദ്ധപിതാവ് പാർക്ക്‌വേക്കുള്ളിൽ പാപ്പാമൊബീലിൽ ചുറ്റിക്കറങ്ങി എല്ലായിടത്തും തടിച്ചുകൂടിയിരുന്ന ജനങ്ങളെ ആശീർവദിച്ച് കടന്നുപോയി. പാർക്ക് വേയിലെ ഏതു റോഡിൽനിന്നാലും പരിശുദ്ധപിതാവിനെ ജനങ്ങൾക്കു കാണത്തക്ക വിധത്തിലായിരുന്നു പരേഡ് ക്രമീകരിച്ചിരുന്നത്. അതുകൊണ്ട് അവിടെ എത്തിയ ആർക്കുംതന്നെ ഫ്രാൻസിസ് മാർപാപ്പയെ തൊട്ടടുത്ത് കാണാൻ പറ്റാതെ നിരാശരായി മടങ്ങേണ്ടി വന്നില്ല.

ഞായറാഴ്ച്ച അതിരാവിലെ മുതൽതന്നെ ജനക്കൂട്ടം പാർക്ക്‌വേ യിലേക്കൊഴുകുകയായിരുന്നു. ദൂരസ്ഥലങ്ങളിൽ നിന്ന് ആൾക്കാർ ചാർട്ടർ ബസുകളിലായിട്ടാണെത്തിയത്. നഗരത്തിലെ എല്ലാ റോഡുകളും അടച്ചിരുന്നതിനാൽ ജനങ്ങൾക്കു നിർബാധം എല്ലാവഴികളിലൂടെയും ഒഴുകിയെത്താൻ സാധിച്ചു. പാർക്ക്‌വേക്കുള്ളിൽ എത്തണണമെങ്കിൽ ലൈനുകളിൽനിന്നു സെക്യൂരിറ്റി ചെക്ക് പോയിന്റിലൂടെ കടക്കണമായിരുന്നു. പലയിടത്തായി എട്ടു സെക്യൂരിറ്റി ചെക്ക് പോയിന്റുകൾ ക്രമീകരിച്ചിരുന്നെങ്കിലും ആൾക്കാരുടെ ബാഹുല്യം മൂലം ചെക്ക് പോയിന്റ് കടന്നുകൂടാൻ ആൾക്കാർക്കു വളരെയധികം സമയം കാത്തുനിൽക്കേണ്ടി വന്നു. നീണ്ട ലൈനുകൾ എല്ലായിടത്തും കാണാമായിരുന്നു. ഈ ലേഖകൻതന്നെ നാലുമണിക്കൂറോളം ലൈനിൽനിന്നാണ് അകത്തെത്തിയത്. വളരെയധികം ആൾക്കാർക്ക് സെക്യൂരിറ്റി ലൈനിൽനിന്ന് അകത്തുകടക്കാൻ സാധിക്കാതെ മടങ്ങേണ്ടി വന്നു.

പാർക്ക്‌വേയും അതിനു ചുറ്റിനുമുള്ള എല്ലായിടവും ഉൽസവലഹരിയിലായിരുന്നു ശനിയും ഞായറും ദിവസങ്ങളിൽ. എല്ലായിടത്തും തിങ്ങിനിറഞ്ഞ വഴികൾ, എവിടെയും മരിയസ്തുതിഗീതങ്ങളും, ഫ്രാൻസിസ് ജയ് വിളികളുമായി ആർത്തുല്ലസിക്കുന്ന ജനക്കൂട്ടങ്ങൾ. എല്ലായിടത്തും ആഹ്ലാദമുഹൂർത്തങ്ങൾ. എല്ലാവർക്കും ഒന്നു മാത്രമേ പറയാനുള്ളൂ. ലാളിത്യത്തിന്റെ പര്യായമായ ഫ്രാൻസിസ് പാപ്പായെ ഒരു നോക്കു കാണണം. പാർക്ക്‌വേക്കുള്ളിലെ ഫെസ്റ്റിവൽ ഗ്രൗണ്ടിൽ കടക്കാനായി മൈലുകൾ നീളുന്ന ക്യൂവിൽ സെക്യൂരിറ്റി ചെക്ക് പോയിന്റുകളിൽ ക്ഷമയോടെ മണിക്കൂറുകൾ കാത്തു നിന്നിട്ടും മടുപ്പുവരാത്ത ഇടയജനം. റോമിന്റെ വലിയ മുക്കുവനെ ഒരു നോക്കു കണ്ടു സംതൃപ്തിയടയാൻ ക്ഷമയോടെ കാത്തു നിൽക്കുന്നവർ.

ഫ്രാൻസിസ് പാപ്പാക്കു സ്വാഗതമോതിക്കൊണ്ടുള്ള വലിയ കമാനങ്ങളും, വെൽക്കം ബാനറുകളും എങ്ങു നോക്കിയാലും കാണാമായിരുന്നു. ഫ്രാൻസിസ് മാർപാപ്പയെ കാണുന്നതിനും, ദിവ്യബലിയിൽ പങ്കെടുക്കുന്നതിനും ഫിലാഡൽഫിയ അതിരൂപതയുടെ കീഴിലുള്ള എല്ലാ ഇടവകകളിൽനിന്നും, ട്രൈസ്റ്റേറ്റ് ഏരിയായിൽ ഭാരതീയ പാരമ്പര്യത്തിലുള്ള എല്ലാ ക്രൈസ്തവദേവാലയങ്ങളിൽനിന്നും വിശ്വാസികൾ ഒറ്റയായും കൂട്ടമായും ഞായറാഴ്ച പാർക്ക്‌വേയിലെത്തിയിരുന്നു.

ഫ്രാൻസിസ് മാർപാപ്പയുടെ ദിവ്യബലിയിൽ സീറോ മലബാർ കത്തോലിക്കരുടെ സാന്നിധ്യം വളരെ പ്രകടമായിരുന്നു. ഇംഗ്ലണ്ട്, അയർലന്റ്, ജർമനി, കാനഡ, മിഡിൽ ഈസ്റ്റ്, ഓസ്ട്രേലിയ തുടങ്ങിയ എല്ലാ രാജ്യങ്ങളിൽനിന്നുമുള്ള സീറോ മലബാർ, സീറോ മലങ്കര, ഇന്ത്യൻ ലത്തീൻ കത്തോലിക്കരായ പ്രവാസികൾ പ്രായഭേദമെന്യേ അവരവരുടെ ആത്മീയാചാര്യന്മാരുടെ നേതൃത്വത്തിൽ എത്തിയിരുന്നു. ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതാധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തും, രൂപത ഫാമിലി അപ്പസ്തലേറ്റ് ഡയറക്ടർ ഫാ. പോൾ ചാലിശേരിയും രൂപതയെ പ്രതിനിധീകരിച്ച് വേൾഡ് മീറ്റിംഗിലും ഫാമിലി ഫെസ്റ്റിവലിലും, പേപ്പൽ മാസിലും പങ്കെടുത്തു. കാനഡയിലെ പുതിയ ബിഷപ്പായി സ്ഥാനമേറ്റ റവ. ഡോ. ജോസ് കല്ലുവേലിയും തന്റെ കീഴിലുള്ള അജഗണത്തിനൊപ്പം കുർബാനയിൽ പങ്കുചേർന്നു.

ഫിലാഡൽഫിയ സെന്റ് തോമസ് സീറോമലബാർ ഫൊറോനാ പള്ളിയിൽനിന്ന് ഇടവകവികാരി ഫാ. ജോണിക്കുട്ടി ജോർജ് പുലിശേരിയുടെ നേതൃത്വത്തിൽ അറുനൂറിലധികം ഇടവകജനങ്ങൾ ഫ്രാൻസിസ് മാർപാപ്പയുടെ ചിത്രം മുദ്രണം ചെയ്തു ഓറഞ്ചുനിറത്തിലുള്ള ടി ഷർട്ടും ധരിച്ച് ദിവ്യബലിയിൽ പങ്കുചേർന്നു.

റവ. ഡോ. മാത്യു മണക്കാട്ടിന്റെ നേതൃത്വത്തിൽ ഫിലാഡൽഫിയ സെന്റ് ന്യൂമാൻ ക്നാനായ കാത്തലിക് മിഷനിലെ മുഴുവൻ അംഗങ്ങളും, റവ. ഡോ. സജി മുക്കൂട്ടിന്റെ നേതൃത്വത്തിൽ സെന്റ് ജൂഡ് സീറോ മലങ്കര കത്തോലിക്കാ ഇടവക ജനങ്ങളും, ഫാ. ഷാജി സിൽവയോടൊപ്പം ഇൻഡ്യൻ ലത്തീൻ കത്തോലിക്കരും ശനിയാഴ്ചയും ഞായറാഴ്ചയും നടന്ന മാർപാപ്പായുടെ എല്ലാ പരിപാടികളിലും പങ്കെടുത്തു. കൂടാതെ ട്രൈസ്റ്റേറ്റ് ഏരിയായിലെ പാറ്റേഴ്സൺ സെന്റ് ജോർജ്, സോമർസെറ്റ് സെ. തോമസ്, ഡെലവെയർ, സൗത്ത് ജേഴ്സി മിഷനുകൾ, ബാൾട്ടിമോർ, വാഷിങ്ങ്ടൺ, വെർജീനിയ, ഹാരീസ്ബർഗ് തുടങ്ങിയ സീറോമലബാർ കത്തോലിക്കാ ഇടവകകളിൽ നിന്നു ധാരാളം വിശ്വാസികൾ കുർബാനയിൽ പങ്കെടുത്തു.

അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽനിന്ന് 250ൽ അധികം ജീസസ് യൂത്ത് വോളന്റിയർമാർ നാലുദിവസത്തെ വേൾഡ് ഫാമിലി മീറ്റിംഗിലും ഫെസ്റ്റിവൽ ഓഫ് ഫാമിലീസിലും ഞായറാഴ്ച്ചത്തെ ദിവ്യബലിയിലും പങ്കെടുത്തു. ശനിയാഴ്ച നടന്ന ഫെസ്റ്റിവൽ ഓഫ് ഫാമിലീസിൽ ഫിലാഡൽഫിയ സീറോമലബാർ ഫൊറോനാ പള്ളിയുടെ നേതൃത്വത്തിൽ ഇടവകാംഗമായ നൃത്താധ്യാപകൻ ബേബി തടവനാലിന്റെ കൊറിയോഗ്രഫിയിൽ ഫിലാഡൽഫിയായിലെ വിവിധ ഇന്ത്യൻ ക്രൈസ്തവദേവാലയങ്ങളിൽ നിന്നു കൊച്ചു കുട്ടികൾ മുതൽ ഉദ്യോഗസ്ഥരായ വീട്ടമ്മമാർവരെ 80ൽ പരം പ്രതിഭകളെ കോർത്തിണക്കി ലോഗൻ സ്ക്വയർ സ്റ്റേജിൽ ഡാൻസ്ഷോ അവതരിപ്പിച്ചു. പാർക്ക്‌വേയിലെ ലക്ഷക്കണക്കിനു പ്രേക്ഷകർക്കൊപ്പം ലോകം മുഴുവൻ തൽസമയം ഈ പരിപാടി വിക്ഷിച്ചു. ആഗോള കത്തോലിക്കാസഭാതലവൻ ഫ്രാൻസിസ് മാർപാപ്പ പങ്കെടുത്ത ഒരു വേദിയിൽ തങ്ങളുടെ കലവാസന പ്രകടിപ്പിക്കാൻ അവസരം ലഭിച്ചതിൽ ഈ കലാപ്രതിഭകളും, അവരുടെ മാതാപിതാക്കളും വളരെ സന്തുഷ്ടരാണ്.



# എസ്എൻഡിപി യോഗം പിളരുമെന്നത് അഭ്യൂഹം മാത്രം: വെള്ളാപ്പള്ളി



*തിരുവനന്തപുരം:* ബിജെപിയുമായുള്ള ബന്ധത്തിന്റെ പേരിൽ എസ്എൻഡിപി യോഗം പിളരുമെന്ന അഭ്യൂഹത്തിന് അടിസ്ഥാനമില്ലെന്നു യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ.

ഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായുള്ള ചർച്ചയ്ക്കു ശേഷം തിരുവനന്തപുരം വിമാനത്താവളത്തിൽ മാധ്യമ പ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ കോൺഗ്രസും സിപിഎമ്മും സർവനാശത്തിലേക്കു നീങ്ങുകയാണ്. സംസ്ഥാനത്തു നടക്കുന്ന കാര്യങ്ങൾ കാണാനും മനസിലാക്കാനും ശ്രമിക്കാത്തതാണു കാരണം. ഇരുവിഭാഗങ്ങൾക്കും ജനവിശ്വാസം നഷ്ടമായി. പാർട്ടിയുടെ കണ്ണൂർ ലോബിയാണു സിപിഎമ്മിനെ പിന്നോട്ടടിക്കുന്നത്.

യുവജനങ്ങൾ ബിജെപിയിലേക്കു നീങ്ങിയതോടെയാണു ബിജെപി വളർന്നത്. ബിജെപി വളർച്ച പരമാവധിയിൽ എത്തിയതോടെ വളർച്ച മുരടിച്ച അവസ്ഥയായി. എസ്എൻഡിപി അജയ്യശക്തിയായി വളരുകയാണ്. വരുന്ന അഞ്ചിനു യോഗം രാഷ്ട്രീയ പാർട്ടി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ടു ചർച്ച നടത്തും. എല്ലാ പാർട്ടികളുമായും എസ്എൻഡിപി നല്ല ബന്ധത്തിലാണ്. കമ്യൂണിസ്റ്റുകാരുമായും കോൺഗ്രസുമായും നല്ല ബന്ധത്തിലാണ്– അദ്ദേഹം പറഞ്ഞു.

# വെള്ളാപ്പള്ളിയുടെ നയം യു.ഡി.എഫിനെ ബാധിക്കില്ല: ആന്റണി



*തിരുവനന്തപുരം:* എസ്എൻഡിപി യോഗവും ബിജെപിയുമായുള്ള സഖ്യ നീക്കം യുഡിഎഫിന്റെ സാധ്യതകളെ ഒരു തരത്തിലും ബാധിക്കില്ലെന്നു കോൺഗ്രസ് പ്രവർത്തക സമിതി അംഗം എ.കെ. ആന്റണി.

കെപിസിസിയുടെ നേതൃത്വത്തിൽ നടന്ന ഗാന്ധിജയന്തി ദിനാചരണം ഉദ്ഘാടനം ചെയ്തശേഷം മാധ്യമ പ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

അടിച്ചേൽപ്പിക്കുന്ന മതവിശ്വാസങ്ങളും ആചാരങ്ങളും ഇന്ത്യയിൽ എന്നല്ല, കേരളത്തിലും ശാശ്വതമായി നിലനിൽക്കില്ലെന്നു ഗാന്ധിജയന്തി ദിനാചരണം ഉദ്ഘാടനം ചെയ്ത് ആന്റണി പറഞ്ഞു.

വൻ രാജ്യങ്ങളിൽ പലതും ചിതറിയപ്പോഴും ഇന്ത്യ തകരാതെ നിന്നതു ഗാന്ധിയൻ ആദർശങ്ങളും നെഹ്റുവിന്റെ നിലപാടുകളും മൂലമായിരുന്നു. എല്ലാ മതസ്ഥരെയും ഉൾക്കൊള്ളുന്ന നിലപാടു സ്വീകരിച്ചില്ലെങ്കിൽ നമ്മുടെ രാജ്യവും ശിഥിലമായിക്കൂടെന്നില്ല. ഉത്തരേന്ത്യയ്ക്കൊപ്പം കേരളത്തിലും മതത്തിന്റെ പേരിലുള്ള അക്രമങ്ങൾ വർധിക്കുന്നു. ജനാധിപത്യത്തിലെ ഏക സത്യം അധികാരം ശാശ്വതമല്ല എന്നതാണ്. ഒരു കസേരയും സ്ഥിരമല്ലെന്നു കോൺഗ്രസുകാരടക്കം എല്ലാവരും മനസിലാക്കണം.

രാജ്യത്തു സാമ്പത്തിക വികസനത്തിന്റെ പ്രയോജനം ഒരുപിടി സമ്പന്നരിൽ മാത്രം കേന്ദ്രീകരിക്കുകയാണ്. ഇങ്ങനെയുള്ളവർ പണം എങ്ങനെ ചെലവഴിക്കണമെന്നറിയാതെ വിഷമിക്കുമ്പോൾ മറുവശത്ത് രണ്ടുനേരം ആഹാരം കഴിക്കാനില്ലാതെ പാവപ്പെട്ടവർ വിഷമിക്കുന്നു. ഇരുവിഭാഗങ്ങളും തമ്മിലുള്ള തർക്കത്തിൽ പൊതു പ്രവർത്തകർ പാവപ്പെട്ടവരുടെ പക്ഷത്തു നിൽക്കണമെന്ന് ആന്റണി പറഞ്ഞു.

യുഡിഎഫ് സർക്കാർ കൊണ്ടുവന്ന മദ്യനയം വൻ വിജയമായിരുന്നുവെന്നു യോഗത്തിൽ അധ്യക്ഷത വഹിച്ച കെപിസിസി പ്രസിഡന്റ് വി.എം. സുധീരൻ പറഞ്ഞു.

# വെള്ളാപ്പള്ളിക്ക് കള്ളപ്പണത്തിന്റെ തിണ്ണമിടുക്ക്: വി.എസ്.

*പാലക്കാട്:* എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനു കള്ളപ്പണത്തിന്റെ തിണ്ണമിടുക്കാണെന്നു പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ.

ഗുരുവിനെ ഈഴവ ഗുരുവാക്കാനാണു വെള്ളാപ്പള്ളിയുടെ ശ്രമം. അരുവിക്കരയിൽ പ്രതിഷ്ഠ നടത്തിയപ്പോൾ ഈഴവ ശിവനെയാണ് പ്രതിഷ്ഠിക്കുന്നത് എന്നല്ല ഗുരു പറഞ്ഞത്, മറിച്ച് നമ്മുടെ ശിവനെന്നാണ്: അച്യുതാനന്ദൻ പറഞ്ഞു.

അഴിമതി നടത്തി തടിച്ചുകൊഴുക്കാനാണു വെള്ളാപ്പള്ളി രാഷ്ട്രീയത്തിലിറങ്ങുന്നത്. തന്റെ ചോദ്യങ്ങൾക്കു മറുപടി പറയാതെ ഒളിച്ചുകളിക്കുകയാണു വെള്ളാപ്പള്ളി. കോളജിലെ അധ്യാപക നിയമനത്തിനു വെള്ളാപ്പള്ളി വാങ്ങുന്നതു 40 ലക്ഷം രൂപയാണെന്നും വി.എസ് ആരോപിച്ചു. എസ്എൻഡിപി യോഗം പ്രസിഡന്റിനെ ഏഴയലത്തു കാണാനില്ലെന്നും കൂട്ടിച്ചേർത്തു.

# ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ ലേഖാനമ്പൂതിരിക്ക് സ്വപ്നക്കൂടൊരുക്കി

**സേവനരംഗത്തെ പൊതുപ്രവർത്തകൻ ഡോ.സാമുവേലും അംഗങ്ങളുടെ ചേർന്ന് ലേഖാ നമ്പൂതിരിക്ക് വീടും തൊഴിൽസാധ്യതയും സമ്മാനിച്ചു മാതൃക കാട്ടി**






*ആലപ്പുഴ:* സാമ്പത്തിക പരാധീനതയിലും നിർദ്ധനനായ മുസ്ലിം യുവാവിന് സൗജന്യമായി വൃക്ക നൽകി മാതൃക കാട്ടിയ ലേഖാ നമ്പൂതിരിയ്ക്ക് വീടും തൊഴിലും എന്ന സ്വപ്നം യാഥാർത്ഥ്യമായി. സ്വപ്നവീട് ഒരുക്കി നൽകിയത് ആലപ്പുഴ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിലാണ്.

സാമ്പത്തികക്ലേശം അനുഭവിക്കുന്ന, രണ്ടു കുട്ടികളും രോഗിയായ ഭർത്താവുമുള്ള ലേഖാ നമ്പൂതിരിയാണ് ത്യാഗമനോഭാവത്തോടെ തന്റെ വൃക്ക പെരുന്തൽമണ്ണയിലെ ഷാഫി എന്ന മുപ്പത്തിമൂന്നുകാരന് നൽകിയത്. ഈ വാർത്ത മാധ്യമങ്ങളിൽ വന്നതോടെ വിവിധ സംഘടനകൾ ലേഖയെ അനുമോദിക്കുകയുണ്ടായി.

ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ ലേഖയുടെ ജീവിതസാഹചര്യം മനസ്സിലാക്കി അവർക്കൊരു വീട് എന്ന പദ്ധതി ആവിഷ്കരിച്ചു. ഇതിന്റെ ഭാഗമായി ജോർജ് തഴക്കര ടൈംസ് ഓഫ് അമേരിക്കയിൽ ഓൺലൈനിൽ ലേഖയുമായുള്ള ദീർഘമായ ഒരു അഭിമുഖം പ്രസിദ്ധീകരിച്ചിരുന്നു. പ്രൊട്ടക്ഷൻ കൗൺസിലിന്റെ പ്രസിദ്ധീകരണത്തിലും മറ്റു സോഷ്യൽ മീഡിയകളിലും ഇതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ നൽകിയിരുന്നു.

ലേഖയുടെ സേവനത്തെ ശ്ലാഘിച്ചവരും വിഡ്ഢിത്തമെന്നു പറഞ്ഞവരും ഉണ്ടായിരുന്നുവെങ്കിലും കുറച്ചുപേർ സാമ്പത്തിക സഹായവുമായി മുന്നോട്ടുവന്ന് പ്രൊട്ടക്ഷൻ കൗൺസിലിന്റെ പ്രവർത്തനത്തോട് അനുഭാവം പ്രകടിപ്പിച്ചു. തൊണ്ണൂറ്റി രണ്ടുപേർ വലുതും ചെറുതുമായ സാമ്പത്തിക സഹായം ബാങ്കുവഴി നൽകിയെന്ന് കൗൺസിൽ സെക്രട്ടറി ഡോ.ജി.സാമുവേൽ പറഞ്ഞു. ഈ തുകയും ലേഖ സ്വന്തമായി സമാഹരിച്ച തുകയും ചേർത്താണ് ചെട്ടികുളങ്ങര പഞ്ചായത്തിൽ ചെറിയ സൗകര്യങ്ങളോടുകൂടിയ ഒരു വീട് വാങ്ങി കഴിഞ്ഞ ഓണക്കാലത്ത് താമസമാക്കിയത്. ഇതിന്റെ ഔദ്യോഗികമായ രേഖ സമർപ്പണം മാവേലിക്കര മാർ ഈവാനിയോസ് കോളജിൽ നടന്ന ചടങ്ങിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ജ്യൂഡീഷ്യൽ അംഗം ജസ്റ്റീസ് ആർ.നടരാജൻ കൈമാറുകയുണ്ടായി.

ബ്യൂട്ടി പാർലർ തുടങ്ങുന്നതിനായി വ്യവസായ വകുപ്പ് 3 ലക്ഷം രൂപ അനുവദിച്ചു. ജില്ലാ ഭരണകൂടം എ.പി.എൽ റേഷൻ കാർഡ് ബി.പി.എൽ ആക്കി നൽകി. വൈദ്യുതി കണക്ഷൻ, എൽ.പി.ജി. കണക്ഷൻ എന്നിവ അതാതു വകുപ്പുകൾ ലേഖയുടെ പേരിൽ നൽകി. ചുവപ്പുനാടകളുടെ കുരുക്കഴിക്കുവാനും സേവനം വേഗതയിലാക്കുവാനും ഹ്യൂമൻ പ്രൊട്ടക്ഷൻ കൗൺസിലിനു കഴിഞ്ഞു എന്നത് മാതൃകാപരമായ സേവനമാണ്.

കൗൺസിൽ പ്രസിഡന്റ് എം.ജയമോഹൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ഡോ. ജി. സാമുവേൽ, റവ.ഫാ.പി.എം.ഫ്രിൻസിസ്, കോളജ് പ്രിൻസിപ്പൽ ഡോ.കെ.സി.മത്തായി, പ്രൊഫ.ഡോ.അശോക് അലക്സ് ഫിലിപ്പ്, കുമാരി കൺമണി, ലേഖാ എം.നമ്പൂതിരി, ജോർജ് തഴക്കര എന്നിവർ പ്രസംഗിച്ചു.



സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ജ്യൂഡീഷ്യൽ അംഗം ജസ്റ്റീസ് ആർ.നടരാജൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു.

# മർത്തോമ കൺവൻഷൻ നാലു മുതൽ

ജീമോൻ റാന്നി




*ഡെലവർവാലി:* പെൻസിൽവാനിയ സ്റ്റേറ്റിലുള്ള ഡെലവർവാലി സെന്റ് തോമസ് മാർത്തോമ ഇടവകയുടെ ആഭിമുഖ്യത്തിൽ പത്താമത് ഇടവക കൺവൻഷൻ നടത്തുന്നു.

2 മുതൽ 4 വരെ തീയതികളിൽ (വെള്ളി, ശനി, ഞായർ) വൈകുന്നേരം 6.30 മുതൽ ഗാനശുശ്രൂഷയോടെ ആരംഭിക്കുന്ന കൺവൻഷൻ ഡെലവർവാലി മാർത്തോമ ദേവാലയത്തിലാണു നടക്കുക. (130, Grubb Road, Malvern PA 19355) സുപ്രസിദ്ധ കൺവൻഷൻ പ്രാസംഗികനും വേദചിന്തകനുമായ സാബു വാര്യാപുരം കൺവൻഷനു നേതൃത്വം നൽകും. 'യേശു ക്രിസ്തുവിന്റെ രണ്ടാം വരവ്' ആണ് ഈ വർഷത്തെ കൺവൻഷന്റെ മുഖ്യപ്രസംഗ വിഷയം. ഞായർ വൈകുന്നേരം നാലിനു ആരാധനമധ്യേ കൺവൻഷന്റെ സമാപനപ്രസംഗം നടക്കും.

കൺവൻഷനിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതായി വികാരി റവ. റോയി എ. തോമസ് അറിയിച്ചു.

വിവരങ്ങൾക്ക്: റവ. റോയി എ. തോമസ് 610 644 3044, മാത്യു ടി. ഏബ്രഹാം 610 328 6283.

# മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ പ്രവർത്തനോദ്ഘാടനം 9ന്



*ഷിക്കാഗോ:* മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ (MRA) പ്രവർത്തനോദ്ഘാടനം 9ന് മോർട്ടൻ ഗ്രോവിലുള്ള റോസ്ടെഡ് തൂതായ് (Rosded Too Tai) റസ്റ്ററന്റിൽ നടത്തുന്നു.

വൈകുന്നേരം ഏഴിനു നടക്കുന്ന ചടങ്ങിലേക്ക് ഗ്രേറ്റർ ഷിക്കാഗോയിലെ എല്ലാ നല്ലവരായ റേഡിയോഗ്രാഫർമാരെയും ക്ഷണിക്കുന്നതായി സ്ഥാനമൊഴിയുന്ന പ്രസിഡന്റ് ടിനു പറഞ്ഞാട്ട് അറിയിച്ചു.

പുതിയ ഭാരവാഹികളായി ജിതേഷ് ചുങ്കം (പ്രസിഡന്റ്) സിബിൽ നിടിയകാല (വൈസ് പ്രസിഡന്റ്), മാത്യു വിലങ്ങാട്ടുശേരിൽ (സെക്രട്ടറി), രാജു ഏബ്രഹാം (ജോ. സെക്രട്ടറി), അലക്സ് പടിക്കപറമ്പിൽ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു

# മാപ്പിന്റെ ആഭിമുഖ്യത്തിൽ ടൂർണമെന്റ്

*ഫിലഡൽഫിയ:* മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലഡൽഫിയയുടെ (മാപ്പ്) ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന എവർറോളിംഗ് ട്രോഫി ബാഡ്മിന്റൻ ടൂർണമെന്റിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി സ്പോർട്സ് ചെയർമാൻ സാക് മാത്യുസൺ അറിയിച്ചു. ഒക്ടോബർ മൂന്നാം തീയതി ശനിയാഴ്ച രാവിലെ എട്ടിനു ആരംഭിക്കുന്ന മത്സരത്തിൽ ഷിക്കാഗോ, ഡാളസ്, ഹ്യൂസ്റ്റൺ, പെൻസിൽവേനിയ, ന്യൂയോർക്ക്, ന്യൂജേഴ്സി, വിർജീനിയ, മേരിലാൻഡ് തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ടീമുകൾ പങ്കെടുക്കുന്നതാണ്. ടൂർണമെന്റ് നടക്കുന്ന സ്ഥലം: Northeast Racquest & Fitness Center, Krewstown Rd & Grand Ave, Philadelphia, PA 19115.



## വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

# അഹമ്മദ് മുഹമ്മദിന് ന്യൂയോർക്ക് സിറ്റി ഹാളിൽ രാജകീയ സ്വീകരണം

പി.പി. ചെറിയാൻ

*ന്യൂയോർക്ക്:* ടെക്സസ് ഇർവിംഗ് വിദ്യാഭ്യാസ ജില്ലയിലെ മെക്കാർതർ സ്കൂൾ വിദ്യാർഥി അഹമ്മദ് മുഹമ്മദിനു തിങ്കളാഴ്ച ന്യൂയോർക്ക് സിറ്റി ഹാളിൽ സ്വീകരണം നൽകി.



സ്വന്തമായി നിർമിച്ച ഡിജിറ്റൽ ക്ലോക്ക് അധ്യാപകരെ കാണിക്കുവാനുള്ള തിടുക്കത്തിൽ സ്കൂളിൽ കൊണ്ടു വന്നതാണ് അഹമ്മദിനെ പ്രശസ്തനാക്കിയത്.

ഡിജിറ്റൽ ക്ലോക്ക് ബോംബാണെന്നു തെറ്റിദ്ധരിച്ച് അധ്യാപകർ പോലീസിൽ വിവരമറിയിച്ചു. ഇതിനെതുടർന്നു ക്ലാസ് റൂമിൽനിന്നു പ്രിൻസിപ്പലിന്റെ ഓഫീസിൽ കൊണ്ടുവന്ന വിദ്യാർഥിയെ പോലീസ് കൈകളിൽ വിലങ്ങണിച്ച് വാനിൽ കയറ്റി കൊണ്ടുപോകുകയായിരുന്നു. കുടുംബാംഗങ്ങളുടേയോ അറ്റോർണിയുടേയോ സാന്നിധ്യം ഇല്ലാതെ പതിനാലുകാരനായ അഹമ്മദിനെ ചോദ്യം ചെയ്തതും അറസ്റ്റ് ചെയ്തതും ദേശീയ തലത്തിൽ വലിയ വിവാദങ്ങൾക്കു വഴി മരുന്നിട്ടിരുന്നു.

മുസ്‌ലിം സമുദായാംഗങ്ങൾക്കു നേരേ നടക്കുന്ന അതിക്രമങ്ങളുടെ തുടർച്ചയാണിതെന്നു വിമർശനങ്ങളുയർന്നു. ഒടുവിൽ പ്രസിഡന്റ് ഒബാമ തന്നെ ഈ വിഷയത്തിൽ നേരിട്ടു ഇടപെടുകയും അഹമ്മദിനെ വൈറ്റ് ഹൗസിലേക്കു ക്ഷണിക്കുകയും ചെയ്തിരുന്നു. ഗൂഗിൾ, ഫേസ് ബുക്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ തലവന്മാർ വിദ്യാർഥിയെ അഭിനന്ദിക്കുകയും ശാസ്ത്രീയ രംഗത്തെ നേട്ടങ്ങൾ കൊയ്തെടുക്കാൻ കഴിയട്ടെ എന്നാശംസിക്കുകയും ചെയ്തു. നേരിൽ കാണുന്നതിനുള്ള ആഗ്രഹവും പ്രകടിപ്പിച്ചു.

ന്യൂയോർക്ക് സിറ്റി ഹാളിൽ എത്തിയ അഹമ്മദിനെ കൗൺസിൽ സ്പീക്കർ മെലെസ പാർക്കിന്റെ നേതൃത്വത്തിൽ സ്വീകരിക്കുകയും പ്രത്യേക മെമന്റോ സമ്മാനിക്കുകയും ചെയ്തു. അഹമ്മദ് എല്ലാ വിദ്യാർഥികൾക്കും ഒരു മാതൃകയാകട്ടെ എന്നു സിറ്റി കൺട്രോളർ ആശംസിച്ചു. സ്പീക്കറുടെ ചെയറിൽ ഇരുത്തിയാണ് അഹമ്മദിനെ ആദരിച്ചത്. അഹമ്മദിന്റെ പ്രവർത്തനങ്ങൾ ഇനിയും തുടരട്ടെ എന്ന് മേയർ ബിൽ ഡിബ്ലാസിയൊ ആശംസിച്ചു.

# ശബരീനാഥിന്റെ ഹ്രസ്വ ചിത്രം 'ഐ ലവ് യൂ' യൂട്യൂബിൽ ഹിറ്റാകുന്നു




മൊയ്തീൻ പുത്തൻചിറ

*ന്യൂയോർക്ക്:* ഒരു കൂട്ടം അമേരിക്കൻ മലയാളികളെ കോർത്തിണക്കി ശബരീനാഥ് തിരക്കഥയും സംഭാഷണവും സംവിധാനവും നിർവഹിച്ച പ്രണയകാവ്യം 'ഐ ലവ് യൂ' എന്ന ഹ്രസ്വചിത്രം ഇപ്പോൾ യൂട്യൂബിൽ ഹിറ്റാകുകയാണ്. യൂട്യുബിൽ അപ്‌ലോഡ് ചെയ്ത് 24 മണിക്കൂറിനകം പതിനായിരത്തിലേറെ പേർ ഈ ചിത്രം കണ്ടുകഴിഞ്ഞു.

ഐ ലവ് യു ഒരു പ്രണയകഥയാണ്. അനുകരിക്കപ്പെടാവുന്ന പ്രണയത്തിനുപരിയുള്ള തീക്ഷ്ണസ്നേഹത്തിന്റെ കഥ. സ്നേഹത്തിനായി ത്യാഗം ചെയ്യാനുള്ള അപൂർവതയുടെ കഥ. പ്രണയകഥകൾ നാം വേണ്ടുവോളം കണ്ടിട്ടുണ്ടെങ്കിലും തുടക്കം മുതൽ ആകാംക്ഷയോടെ ഓരോ സീനുകളും കാണാനുള്ള ത്വരയുണ്ടാക്കത്തക്ക രീതിയിലാണു തിരക്കഥ തയാറാക്കിയിരിക്കുന്നത്. ഈ ഹ്രസ്വചിത്രത്തിന്റെ അണിയറ പ്രവർത്തകരും അഭിനേതാക്കളും എല്ലാം അമേരിക്കൻ മലയാളികളാണെന്ന പ്രത്യേകതയുമുണ്ട്.

ആനി എന്ന കൗമാരക്കാരിയുടെ പിന്നാലെ പ്രേമവുമായി നടക്കുന്ന പൊന്നൂസ് ആണു കഥയെ തുടക്കത്തിലേ നയിക്കുന്നതും പ്രേക്ഷകരെ ചിരിപ്പിക്കുന്നതും.

നല്ല കഥാസന്ദർഭങ്ങൾ കോർത്തിണക്കി സിനിമ ആസ്വാദ്യമധുരമാക്കുന്നതിൽ ശബരീനാഥും ഛായാഗ്രാഹകൻ ജോൺ മാർട്ടിനും വിജയിച്ചിരിക്കുന്നു. വിസ, വക്കാലത്ത് നാരായണൻകുട്ടി തുടങ്ങി ഏതാനും സിനിമകളിൽ സഹസംവിധായകനായിരുന്ന ശബരീനാഥ് ഒന്നര ദശാബ്ദമായി അമേരിക്കയിൽ കഴിയുന്നു. സ്വപ്നങ്ങളെ കാവൽ, ബിംഗോ എന്നീ ഹ്യസ്വ ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്.

ധനീഷ് കാർത്തിക്, ബ്ലസൺ കുര്യൻ, മിഷേൽ, ആനി, ഷെൽസിയ ജോർജ്, അനിതാ കണ്ണൻ, റോഷി, ബിന്ദു കൊച്ചുണ്ണി, ജയജി, സിബി ഡേവിഡ്, ജംസൺ കുര്യാക്കോസ്, ഹരിലാൽ നായർ, ജോജോ കൊട്ടാരക്കര, നടാഷ ലവാനി, സൗമ്യ ജോർജ്, സുനിൽ ചാക്കൊ എന്നിവരാണു കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

ജെയ്സൻ പുല്ലാട് ആണു അസി. ഡയറക്ടർ. എഡിറ്റിംഗ് ടിനു കെ. തോമസ്. സുമേഷ് ആനന്ദ് സൂര്യ പശ്ചാത്തലസംഗീതം നിർവഹിക്കുമ്പോൾ സുമിൽ ശ്രീധരൻ ഗ്രാഫിക്സും രാഗേഷ് നാരായൺ വിഷ്വൽ എഫക്ട്സും ബിനൂപ് ദേവൻ സൗണ്ട് എഫക്ട്സും ഷെഫിൻ മേയാൻ റീ റിക്കാർഡിംഗും നിർവഹിച്ചിരിക്കുന്നു. ഷീബ ജോൺസൻ കാസ്റ്റിംഗും ജിജി ഫിലിപ്പ് പ്രൊഡക്ഷൻ ഡിസൈനും നിർവഹിച്ചിരിക്കുന്ന ചിത്രത്തിന്റെ ലൈൻ പ്രൊഡ്യൂസേഴ്സ് വിജി ജോണും തോമസ് സഞ്ജു ചെറിയാനും ആണ്.

'ഐ ലവ് യൂ' യൂ ട്യൂബിൽ കാണാനുള്ള ലിങ്ക്: https://m.youtube.com/

# ഫൊക്കാന കൺവൻഷൻ: പുതുമയാർന്ന പരിപാടികൾ, സിനിമാ അവാർഡ്

ജോസ് കാടാപ്പുറം

*ന്യൂയോർക്ക്:* രണ്ടു ദശാബ്ദത്തിനുശേഷം കാനഡയിൽ നടക്കുന്ന ഫൊക്കാന കൺവൻഷൻ മികവുറ്റ പരിപാടികൾ കൊണ്ടും പങ്കെടുക്കുന്നവരുടെ എണ്ണംകൊണ്ടും മികവുറ്റതായിരിക്കുമെന്നു ഫൊക്കാന ഭാരവാഹികൾ.

പുതുമയാർന്ന പരിപാടികൾ അവതരിപ്പിക്കുന്ന കൺവൻഷനായി 40ൽപരം കമ്മിറ്റികൾ പ്രവർത്തനമാരംഭിച്ചതായി ഇന്ത്യാ പ്രസ് ക്ലബിൽ നടത്തിയ പത്രസമ്മേളനത്തിൽ ഫൊക്കാന പ്രസിഡന്റ് ജോൺ പി. ജോൺ, സെക്രട്ടറി വിനോദ് കെയാർകെ. ട്രസ്റ്റി ബോർഡ് ചെയർമാൻ പോൾ കറുകപ്പള്ളിൽ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ട്രഷറർ ജോയി ഇട്ടൻ, വനിതാ ഫോറം ചെയർ ലീല മാരേട്ട്, പിആർഒ ശ്രീകുമാർ ഉണ്ണിത്താൻ തുടങ്ങിയവർ ചൂണ്ടിക്കാട്ടി. ജനറൽ സെക്രട്ടറി വിനോദ് കെയാർകെ ആമുഖ പ്രസംഗം നടത്തി.

യുവജനതയെ പങ്കെടുപ്പിക്കാനായി ഉദയകുമാർ മെമ്മോറിയൽ വോളിബോൾ ടൂർണമെന്റും വിവിധ കായികമത്സരങ്ങളും നടത്തും. മിസ് ഫൊക്കാന, മലയാളി മങ്ക മത്സരങ്ങൾ വർണാഭമാക്കുക മാത്രമല്ല, ജഡ്ജിമാരായി അറിയപ്പെടുന്ന സിനിമാതാരങ്ങളെ കൊണ്ടുവരികയും ചെയ്യും. മിസ് ഫൊക്കാനയ്ക്ക് മിസ് കേരള മത്സരത്തിൽ പങ്കെടുക്കാൻ അവസരമുണ്ടാകും.

പ്രവാസി ചാനൽ നടത്തിയ നാമി (നോർത്ത് അമേരിക്കൻ മലയാളി ഓഫ് ദി ഇയർ) അവാർഡിന്റെ മാതൃകയിൽ മലയാള സിനിമാ രംഗത്തുള്ളവർക്കായി പ്രത്യേകം നൽകുന്നതാണ് ഇത്തവണത്തെ മറ്റൊരു പ്രത്യേകത. ഓൺലൈൻ വോട്ടിംഗ് വഴിയാണ് മികച്ച നടൻ, നടി, സംവിധായകൻ തുടങ്ങി 11 വിഭാഗങ്ങളിലുള്ളവരെ തെരഞ്ഞെടുക്കുക. വിജയികളാകുന്നവരെ കൺവൻഷനിലേക്ക് ക്ഷണിക്കും.

ഫൊക്കാന സ്റ്റാർ സിംഗർ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് സിനിമയിൽ പാടാൻ അവസരമുണ്ടാക്കുകയാണ് മറ്റൊന്ന്. ഇവയ്ക്കു പുറമെ ഗ്ലിംപ്സസ് ഓഫ് ഇന്ത്യ മത്സരം, ഷോർട്ട് ഫിലിം മത്സരം, സാഹിത്യ മത്സരങ്ങൾ എന്നിവയും 56 കളി ടൂർണമെന്റും സംഘടിപ്പിക്കും.

കൺവൻഷന്റെ രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. 850 ഡോളറാണ് ത്രിദിന കൺവൻഷൻ രജിസ്ട്രേഷൻ തുക. മുന്നൂദിവസത്തെ ഹോട്ടൽ താമസം, ഇന്ത്യൻ ഭക്ഷണം, കലാപരിപാടികൾ എന്നിവ ഇതിൽ ഉൾപ്പെടും.

ടൊറേന്റോയിലെ മികച്ച ഹോട്ടലായ മാർക്കം ഹിൽട്ടണിൽ 2016 ജൂലൈ ഒന്ന്, രണ്ട്, മൂന്ന്, നാല് തീയതികളിലാണു കൺവൻഷൻ.

ഒക്ടോബർ 24നു ന്യൂജേഴ്സിയിൽ ജനറൽബോഡി സമ്മേളനം നടക്കുമെന്ന് ട്രസ്റ്റി ബോർഡ് ചെയർമാൻ പോൾ കറുകപ്പള്ളിൽ പറഞ്ഞു. ലീല മാരേട്ട്, പോൾ കറുകപ്പള്ളിൽ, ജോൺ പി. ജോൺ, വിനോദ് കെയാർകെ, ജോയി ഇട്ടൻ, ടെറൻസൺ തോമസ്, ലൈസി അലക്സ്, ശബരിനാഥ് എന്നിവർ പ്രസംഗിച്ചു.

ഫൊക്കാന അവാർഡിനുള്ള വോട്ടിംഗ് ജനുവരി ഒന്നു മുതൽ ഏപ്രിൽ 30 വരെ ആയിരിക്കും. ന്യൂയോർക്ക് റീജണൽ കൺവൻഷൻ നവംബർ 14നു നടക്കുമെന്ന് റീജണൽ സെക്രട്ടറി അലക്സ് തോമസ് അറിയിച്ചു.

പത്രസമ്മേളനത്തിൽ വി.എ. ഉലഹന്നാൻ, സുധാ കർത്ത, കെ.പി. ആൻഡ്രൂസ്, ശോശാമ്മ ആൻഡ്രൂസ്, ഷെവലിയർ ഇട്ടൻ ജോർജ് പാടിയേടത്ത്, തോമസ് കൂവള്ളൂർ, ഗണേഷ് നായർ, ഷാജിമോൻ വെട്ടം, ജോൺ പോൾ, രാജൻ ജേക്കബ്, ബാല വിനോദ്, ജസി കാനാട്ട്, ഡോ. നന്ദകുമാർ ചാണയിൽ, ജോർജുകുട്ടി ഉമ്മൻ, രാജൻ ടി. ജേക്കബ്, ലിജോ ജോൺ, ഷാജി വർഗീസ്, മാധവൻ ബി. നായർ, ജോസ് തോമസ് തുടങ്ങിയവർ പങ്കെടുത്തു.

മാധ്യമ പ്രവർത്തകരായ ജോക്കബ് റോയി, സണ്ണി പൗലോസ്, ടാജ് മാത്യു, ജോസ് കാടാപ്പുറം, സുനിൽ ട്രൈസ്റ്റാർ, ജോർജ് ജോസഫ്, ജെ. മാത്യൂസ്, പ്രിൻസ് മാർക്കോസ്, ജേക്കബ് മാനുവൽ, മാത്യു മുണ്ടാടൻ തുടങ്ങിയവർ പങ്കെടുത്തു.

# ഗാന്ധിജയന്തിയാഘോഷം ഫിലഡൽഫിയയിൽ ഓർമയുടെ നേതൃത്വത്തിൽ



ജോർജ് നടവയൽ

*ഫിലഡൽഫിയ:* ഗാന്ധി ജയന്തി ആഘോഷത്തിനു ഫിലഡൽഫിയയിൽ 'ഓർമ' നേതൃത്വം നൽകുന്നു. 'ഇന്നത്തെ ലോകത്തും നമ്മുടെ സമൂഹത്തിലും ഗാന്ധിസത്തിന്റെ പ്രസക്തി' എന്ന വിഷയത്തിൽ പ്രഭാഷണങ്ങളും, ചർച്ചയും, ഗാന്ധി അനുസ്നമരണ സംഗീതവും നടത്തുന്നു.

കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗം സിമി റോസ്ബെൽ മുഖ്യപ്രഭാഷണം നിർവഹിക്കും. പിഎസിസി മെംബർ സിമി റോസ്ബെൽ ഗാന്ധി സ്റ്റഡീസിൽ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുണ്ട്. പ്രസംഗകലയിൽ പ്രവീണയാണ്. എഐസിസി മെംബർ, മഹിളാ കോൺഗ്രസ് ജനറൽ സെക്രട്ടറി എന്നീ ചുമതലകളിൽ യുവ വനിതാ ശാക്തീകരണ മുന്നേറ്റത്തിനു പ്രവർത്തിച്ചിട്ടുണ്ട്. കേരളാ ടെലികോം അഡൈ്വസറി ബോർഡംഗമായിരുന്നു.

ഓർമ (ഓവർസീസ് റസിഡന്റ് മലയാളീസ് അസോസിയേഷൻ) ദേശീയ പ്രസിഡന്റ് ജോസ് ആറ്റുപുറം അധ്യക്ഷനാകും. സിബിച്ചൻ ചെമ്പ്ളായിൽ (ഓർമ ട്രസ്റ്റീ ബോർഡ് ചെയർമാൻ) ഗാന്ധി ജയന്തി 2015ൽ എന്ന തീമും, ജോർജ് നടവയൽ 'ഗാന്ധിദർശനപ്രസക്തി' എന്ന വിഷയയവും അവതരിപ്പിക്കും.

ഫാ. എം.കെ കുര്യാക്കോസ് (ഗുഡ് ഷെപ്പേഡ് അവാർഡ് ജേതാവ്, നാട്ടുക്കൂട്ടം ചിന്താവേദി അദ്ധ്യക്ഷൻ), ഫാ. ജോൺ മേലേപ്പുറം (ഗുരുശ്രേഷ്ഠാ അവാർഡ് ജേതാവ്, വിഖ്യാത സാമൂഹ്യ പ്രവർത്തകൻ), ഫാ. ജോണിക്കുട്ടി പുലിശേരി (എക്യൂമെനിക്കൽ ഫെലോഷിപ് ചെയർമാൻ), ജോർജ് ഓലിക്കൽ (ഫൊക്കാന ആർവിപി), വിൻസന്റ് ഇമ്മാനുവേൽ (പ്രസ്ക്ലബ് ദേശീയ സെക്രട്ടറി) എന്നിവർ വിവിധ വീക്ഷണങ്ങളിൽ ഗാന്ധിദർശന പ്രസക്തിയെക്കുറിച്ച് പ്രഭാഷണങ്ങൾ അവതരിപ്പിക്കും.

സുധാ കർത്ത (പ്രസ് ക്ലബ് ചാപ്റ്റർ പ്രസിഡന്റ്), ഫിലിപ്പോസ് ചെറിയാൻ (ഓർമ ജനറൽ സെക്രട്ടറി), രാജൻ സാമുവേൽ (കേരളാ ഫോറം ചെയർമാൻ), അലക്സ് തോമസ് ( ഫൊക്കാനാ മുൻ വൈസ് പ്രസിഡന്റ്), ഫ്രാൻസിസ് പടയാറ്റിൽ (ഓർമാ ചാപ്റ്റർ പ്രസിഡന്റ്), അറ്റേണി ജോസ് കുന്നേൽ (ഐഎൻഒസി ദേശീയ സമിതി അംഗം), മോഡി ജേക്കബ് (പമ്പ മുൻ പ്രസിഡന്റ്), സാബു സ്കറിയ (മാപ് പ്രസിഡന്റ്), സജി കരിംകുറ്റി (കേരളാ ഫോറം ജനറൽ സെക്രട്ടറി), ഷാജി മിറ്റത്താനി (ട്രസ്റ്റി, നാടക കലാകാരൻ), തോമസ് പോൾ (പ്രസിഡന്റ് തിരുവല്ല അസോസിയേഷൻ), സണ്ണി പടയാറ്റിൽ (ട്രസ്റ്റി), സാബു ജോസഫ് (വേൾഡ് മലയാളി കൗൺസിൽ ഫിലഡൽഫിയ ചാപ്റ്റർ മുൻ പ്രസിഡന്റ്), ലൈലാ മാത്യു (പിയാനോ പ്രസിഡന്റ്), മനോജ് പാലാ (ഫിലഡൽഫിയാ പൊലീസ് അഡൈ്വസറി കൗൺസിൽ മെംബർ), പോൾ തെക്കുംതല (ഓർമ മുൻ വൈസ് പ്രസിഡന്റ്), ജോയി കരുമത്തി (ഓർമാ ചാപ്റ്റർ സെക്രട്ടറി), ജെറി ജെയിംസ് (ഓർമ ചാപ്റ്റർ വൈസ് പ്രസിഡന്റ്), ജോസഫ് വർഗീസ് (സാമൂഹിക പ്രവർത്തകൻ), മാത്യു തരകൻ (സാമൂഹിക പ്രവർത്തകൻ), ജോർജ് കുട്ടി അമ്പാട്ട് (സാമൂഹിക പ്രവർത്തകൻ), സ്റ്റാൻലി ഏബ്രാഹം (സാമൂഹിക പ്രവർത്തകൻ) എന്നിവർ ചർച്ചയിൽ വിഭിന്ന കാഴ്ച്ചപ്പാടുകൾ അവതരിപ്പിക്കും. ജോസ് പാലത്തിങ്കൽ (ഓർമ ചാപ്റ്റർ ട്രഷറാർ) കോർഡിനേറ്ററാകും.

ഒക്ടോബർ അഞ്ചാം തീയതി വൈകുന്നേരം ഏഴിനു നോർത്ത് ഈസ്റ്റ് ഫിലഡൽഫിയാ ക്രൂസ് ടൗൺ അഥിതി ഹാളിലാണ് (215 698 6113) ഓർമ ഗാന്ധി ജയന്തി ആഘോഷം നടക്കുക. ഗതകാല കേരള കുടുംബമൂല്യങ്ങളുടെ പ്രചാരകർ എന്ന കാഴ്ചപ്പാടും (വിഷൻ) കേരളനന്മകൾ വരും തലമുറകളിലേക്കു കൈമാറ്റം ചെയ്യുവാൻ സംഘടിക്കുന്നവർ എന്ന ദൗത്യവുമാണു(മിഷൻ) വിദേശ രാജ്യങ്ങളിലെ മലയാളികളുടെ സംഘടനയായ 'ഓർമ' യുടെ കാതൽ.

മുൻ മേഘാലയ ഗവർണർ എം.എം. ജേക്കബ്, ഡോ. എം.വി പിള്ള എന്നിവരാണ് ഓർമയുടെ (ഓവർസീസ് റെസിഡന്റ് മലയാളീസ് അസോസിയേഷൻ) രക്ഷാധികാരികൾ. ന്യൂയോർക്ക്, ന്യൂജേഴ്സി, കാലിഫോർണിയ, ഡാളസ്, ഫ്ളോറിഡ, നോർത്ത് കരോളിനാ, പെൻസിൽവേനിയാ എന്നിവിടങ്ങളിൽ ഓർമ്മയുടെ ചാപ്റ്ററുകളുണ്ട്. യൂറോപ്പ്, ഗൾഫ്, ഓസ്ട്രേലിയ എന്നീ ദേശങ്ങളിൽ ഓർമ്മാ ചാപ്റ്ററുകളുടെ രൂപവത്കരണം പുരോഗമിക്കുന്നു എന്ന് പ്രസിഡന്റ് ജോസ് ആറ്റുപുറം പറഞ്ഞു.

കൂടുതൽ വിവരങ്ങൾക്ക്: ജോസ് ആറ്റുപുറം (267 231 4643), സിബിച്ചൻ ചെമ്പ്ളായിൽ (215 869 5604), ഫീലിപ്പോസ് ചെറിയാൻ (215 605 7310), ജോർജ് ഓലിക്കൽ (215 873 4365), ജോർജ് നടവയൽ ( 215 494 6420).

# കേരള അസോ സിയേഷൻ ഓഫ് ഡാളസ് മ്യൂസിക് നൈറ്റ്

പി.പി. ചെറിയാൻ

*ഗാർലന്റ്:* കേരള അസോസിയേഷൻ ഓഫ് ഡാളസ് സംഘടിപ്പിക്കുന്ന മ്യൂസിക് നൈറ്റ് 3ന് ഗാർലൻഡ് ബ്രോഡ് വേയിലുള്ള കേരള അസോസിയേഷൻ കോൺഫറൻസ് ഹാളിൽ നടക്കും.

അസോസിയേഷൻ അംഗങ്ങളും അനുഭാവികളും സംഭാവന നൽകി പുതിയതായി വാങ്ങിയ സൗണ്ട് സിസ്റ്റത്തിന്റെ ഉദ്ഘാടനവും തദവസരത്തിൽ നടക്കും.

ശനി വൈകുന്നേരം നാലിനു പരിപാടികൾ ആരംഭിക്കുമെന്ന് പ്രസിഡന്റ് ബാബു സി. മാത്യു, സെക്രട്ടറി റോയ് കൊടുവത്ത് എന്നിവർ അറിയിച്ചു.

മ്യൂസിക്ക് നൈറ്റിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ സെക്രട്ടറി റോയ് കൊടുവത്തുമായി ബന്ധപ്പെടേണ്ടതാണ്.

വിവരങ്ങൾക്ക്: 972 569 7165.

# 'പുട്ട് ഫെസ്റ്റിവൽ' സാൻഹൊസെയിലെ ലേക്ക് കണ്ണിംഗ്ഹാം പാർക്കിൽ

*സാൻഫ്രാൻസിസ്കോ:* കേരള ക്ലബ് കാലിഫോർണിയ ഒരുക്കുന്ന 'പുട്ട് ഫെസ്റ്റിവൽ' കേരള ക്ലബ് കുക്ക് ഓഫ് 2015 സാൻഹൊസെയിലെ ലേക്ക് കണ്ണിംഗ്ഹാം പാർക്കിൽ ഒ 10ന് നടക്കും. കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ കേക്ക് ആൻഡ് വൈൻ ഫെസ്റ്റിവൽ, പായസം കുക്ക് ഓഫ്, തട്ടുകട 2011, 2012 എന്നിവ വൻ വിജയമായിരുന്നു. ഈ വർഷം കേരളത്തനിമ കാത്തു സൂക്ഷിക്കുന്ന പുട്ട് ഫെസ്റ്റിവലാണു തീം. ഈ പരിപാടിയിൽ ഇരുപത്തിയഞ്ചോളം ടീമുകളാണു മത്സരത്തിനിറങ്ങുന്നത്. മത്സരാർത്ഥികൾ വിവിധതരം പുട്ടുകൾ സദസിനു മുൻപാകെ കുക്ക് ചെയ്യും. റവ പുട്ട് , പനീർ പുട്ട്, മാൽറ്റൊവ പുട്ട്, കോൺ പുട്ട്, കോക്കനട്ട് പുട്ട്, മുട്ട പുട്ട്, ഇറച്ചി പുട്ട്, മീൻ പുട്ട്, ഞണ്ട് പിരട്ടുപുട്ട്, ടോമാറ്റോ പുട്ട് തുടങ്ങി നിരവധി തരത്തിലുള്ള പുട്ടുകൾ മത്സരത്തിനുണ്ടാകുമെന്നു ഭാരവാഹികൾ പറഞ്ഞു.

നോൺ പ്രോഫിറ്റ് സംഘടനയായ ക്ലബ് കാലിഫോർണിയ സംഘടിപ്പിക്കുന്ന ഈ പരിപാടിക്കു സാൻഫ്രാൻസിസ്കോ മലയാളികൾ അത്യുജ്വലമായ പ്രതികരണമാണു നൽകുന്നതെന്നു ഭാരവാഹികൾ പറഞ്ഞു.

പരിപാടിയിൽ പങ്കെടുക്കാനും, കേരള ക്ലബിന്റെ സംരംഭങ്ങളെ പിന്തുണയ്ക്കാനും സംഘാടകർ അഭ്യർത്ഥിക്കുന്നു.

വാർത്തകൾക്ക്...
Tel: 267-991-2111e-mail
:georgethazhakara@gmail.com

# ഐഎപിസി സോഷ്യൽ മീഡിയ സെമിനാർ ജോർജ് കള്ളിവയലിൽ നയിക്കും

*ന്യൂയോർക്ക്:* ഇന്തോ- അമേരിക്കൻ പ്രസ് ക്ലബിന്റെ അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തോടനുബന്ധിച്ചു നടക്കുന്ന സാമൂഹ്യ മാധ്യമങ്ങളെക്കുറിച്ചുള്ള സെമിനാർ മുതിർന്ന പത്രപ്രവർത്തകനായ ദീപികയുടെ അസോസിയേറ്റ് എഡിറ്ററും ഡൽഹി ബ്യൂറോ ചീഫുമായ ജോർജ് കള്ളിവയലിൽ നയിക്കും.

അന്തർദേശീയ, ദേശീയ മാധ്യമ രംഗത്തെ പ്രമുഖനായ ജോർജ് കള്ളിവയലിൽ ഫേസ്ബുക്ക്, ടിറ്റർ, ഇൻസ്റ്റാഗ്രാം, ബ്ലോഗ് തുടങ്ങിയ നവമാധ്യമങ്ങളിലും ഇന്ത്യയിലെ ടെലിവിഷൻ ചർച്ചകളിലും നിറസാന്നിധ്യമാണ്. ജൂലൈയിൽ ഹൂസ്റ്റണിലെ സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സും കാനഡയിൽ ഫൊക്കാനയും 'ജേർണലിസ്റ്റ് ഓഫ് ദി ഡിക്കേഡ്' അവാർഡ് നൽകി ആദരിച്ച ഇദ്ദേഹം ഇന്ത്യൻ പ്രധാനമന്ത്രിയോടും രാഷ്ട്രപതിയോടും ഒപ്പം അമേരിക്ക, ചൈന, റഷ്യ, ബ്രസീൽ, ജർമനി, ദക്ഷിണാഫ്രിക്ക, ഓസ്ട്രേലിയ, സിംഗപ്പൂർ, സ്പെയിൻ, പോളണ്ട്, ഖത്തർ, ഒമാൻ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലടക്കം ഒട്ടുമിക്ക ലോകരാജ്യങ്ങളിലും പര്യടനം നടത്തിയിട്ടുണ്ട്. ജർമനിയിൽ 1999ൽ നടന്ന ആഗോള മലയാളി സമ്മേളനത്തിൽ മന്ത്രിയും എംഎൽഎമാരും മുതിർന്ന മാധ്യമപ്രവർത്തകരും ഉൾപ്പെട്ട ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചതും ഇദ്ദേഹമാണ്.

ഐക്യരാഷ്ട്രസഭാ സമ്മേളനവും അമേരിക്ക വിളിച്ചുകൂട്ടിയ ലോക രാഷ്ട്രത്തലവന്മാരുടെ ആണവ ഉച്ചകോടിയും അടക്കം നിരവധി ആഗോള ഉച്ചകോടികളും അന്താരാഷ്ട്ര സമ്മേളനങ്ങളും നേരിട്ടു റിപ്പോർട്ടു ചെയ്ത പരിചയസമ്പത്തും ജോർജിനു സ്വന്തം. ഫൊക്കാന, ഫോമ, പ്രവാസി ഭാരതീയ ദിവസ് അടക്കമുള്ള ഒട്ടേറെ പ്രവാസി സമ്മേളനങ്ങളിലും പലതവണ പങ്കെടുക്കുകയും അവാർഡ് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫ്രാൻസിസ് മാർപാപ്പയെയും അന്തരിച്ച ജോൺ പോൾ രണ്ടാമൻ മാർപാപ്പയെയും റോമിലെത്തി നേരിട്ടു സന്ദർശിച്ചിട്ടുള്ള ജോർജ് വിശുദ്ധ മദർ തെരേസയുമായും കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്.

ഇന്ത്യ ഗവൺമെന്റ് അക്രഡിറ്റേഷനു പുറമേ ഇന്ത്യൻ പാർലമെന്റിലെ ലോക്സഭയിലും രാജ്യസഭയിലും ഒപ്പം വളരെക്കാലത്തെ പ്രവർത്തന പരിചയമുള്ള മാധ്യമപ്രവർത്തകർക്കു മാത്രം പ്രവേശനമുള്ള സെൻട്രൽ ഹാളിലും സ്ഥിരം അക്രഡിറ്റേഷനും 12 വർഷത്തിലേറെയായി ജോർജിനുണ്ട്. കഴിഞ്ഞ 13 വർഷമായി മികച്ച കോളമിസ്റ്റ് എന്ന നിലയിലും പേരെടുത്ത ജോർജ്, ദീപികയിൽ 'ഡൽഹി ഡയറി' എന്ന പേരിൽ എല്ലാ ശനിയാഴ്ചയും എഴുതിവരുന്ന സ്ഥിരം പംക്തി വളരെ ശ്രദ്ധേയമാണ്.

മുപ്പത്തിമൂന്നാം വയസിൽ ദീപികയുടെ റസിഡന്റ് എഡിറ്ററായി ഉയർത്തപ്പെട്ട ജോർജ്, കഴിഞ്ഞ 13 വർഷമായി ഡൽഹി കേന്ദ്രമായാണു പ്രവർത്തിക്കുന്നത്. ദക്ഷിണേഷ്യയിലെ മുതിർന്ന മാധ്യമ പ്രവർത്തകരുടെ സംഘടനയായ സൗത്ത് ഏഷ്യൻ ഫ്രീ മീഡിയ കമ്മീഷന്റെ മുൻ ജനറൽ സെക്രട്ടറിയും സൗത്ത് ഏഷ്യൻ ഫ്രീ മീഡിയ അസോസിയേഷന്റെ പത്തു വർഷമായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയംഗവുമാണ്. 1994ൽ തിരുവനന്തപുരം പ്രസ് ക്ലബ് സെക്രട്ടറിയായ ഇദ്ദേഹം കേരള യൂണിവേഴ്സിറ്റി സെനറ്റ് അംഗവുമായിരുന്നു.

ന്യൂഡൽഹിയിൽ 2007ലും 2009ലും നടന്ന ദക്ഷിണേഷ്യൻ പത്രാധിപ ഉച്ചകോടിയിലെ ബെസ്റ്റ് പെർഫോമൻസ് അവാർഡുകൾ, ദേശീയ ദളിത് സാഹിത്യ അക്കാഡമിയുടെ 2014ലെ ദി ഔട്ട്സ്റ്റാൻഡിംഗ് മീഡിയ പേഴ്സൺ ഓഫ് ദ ഇയർ അവാർഡ്, രാജീവ് ഗാന്ധി ഫൗണ്ടേഷന്റെ 2012ലെ ബെസ്റ്റ് കോളമിസ്റ്റ് അവാർഡ്, ബഹറിൻ ഇന്ത്യൻ അസോസിയേഷന്റെ 2015ലെ എക്സലൻസ് ഇൻ ജേർണലിസം അവാർഡ്, ഡൽഹി എൻഎസ് ബുക്സ് ഏർപ്പെടുത്തിയ പ്രതിഭാ അവാർഡ് തുടങ്ങിയവയും ഫൊക്കാന, ഫോമ, വേൾഡ് മലയാളി കൗൺസിൽ തുടങ്ങിയ സംഘടനകളുടെ നിരവധി മാധ്യമ പുരസ്കാരങ്ങളും ജോർജ് കള്ളിവയലിൽ നേടിയിട്ടുണ്ട്.

2012ൽ ഷിംലയിൽ പാക്കിസ്ഥാൻ നേതാക്കളടക്കം പങ്കെടുത്ത സാർക് പാർലമെന്ററി കോൺഫറൻസിന്റെ സംഘാടക സമിതി കൺവീനറായിരുന്നു. എറണാകുളത്ത് കളമശേരി റോട്ടറി ക്ലബ് പ്രസിഡന്റായും 2010ൽ ഡൽഹിയിൽ നടന്ന ജെകെ ടയേഴ്സ് കോൺസ്റ്റിറ്റ്യൂഷൻ ക്ലബ് നാഷണൽ കാർ റാലിയിൽ ദേശീയ തലത്തിൽ രണ്ടാം സ്ഥാനവും നേടിയിട്ടുണ്ട്. കോട്ടയം പാലാ സ്വദേശിയായ ജോർജ് ഇംഗ്ലീഷ് ഭാഷയിൽ ബിരുദാനന്തര ബിരുദവും പത്രപ്രവർത്തനത്തിൽ ഡിപ്ലോമകളും സ്വന്തമാക്കി. തിരുവനന്തപുരം പ്രസ് ക്ലബിന്റ് ജേർണലിസം കോഴ്സ് സെക്രട്ടറി, കേരള പ്രസ് അക്കാഡമി ഫാക്കൾട്ടി അംഗം തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഫേസ്ബുക്കിലും ടിറ്ററിലും ജോർജിന്റെ സന്ദേശങ്ങൾ ദേശീയ, അന്തർദേശീയ തലങ്ങളിൽ സജീവ ചർച്ചയാകാറുണ്ട്. ഫേസ്ബുക്കിൽ പരമാവധി 5,000 സുഹൃത്തുക്കളും 6500 ഫോളോവേഴ്സും ഉള്ള ഇദ്ദേഹം നവമാധ്യമങ്ങളിലെ ഏറ്റവും ശ്രദ്ധേയരായ പത്രപ്രവർത്തകരിൽ പ്രമുഖനാണ്.

# ഗ്ലോറിയ ബാറൺ അവാർഡിനു രണ്ട് ഇന്ത്യൻ-അമേരിക്കൻ വിദ്യാർഥിനികൾ തെരഞ്ഞെടുക്കപ്പെട്ടു





*കാലിഫോർണിയ:* 2001ൽ തുടങ്ങിയ ഗ്ലോറിയ ബാറൺ അവാർഡിനു ഈ വർഷം കാലിഫോർണിയായിൽ നിന്നുള്ള വിദ്യാർഥിനി സൊനാലി രണവീരയും ന്യൂഹാംപ്ഷെയറിൽ നിന്നുള്ള മലയാളി വിദ്യാർഥിനി ദീപിക കുറുപ്പും അർഹരായി.

അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നുമുള്ള 17 പേരെയാണ് അവാർഡിനായി തെരഞ്ഞെടുത്തത്. ജനങ്ങളിൽ, സമൂഹത്തിൽ, ചുറ്റുപാടുകളിൽ തുടങ്ങി വിവിധ തലങ്ങളിൽ സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞ എട്ടു മുതൽ 18 വരെ പ്രായമുള്ള കുട്ടികളെയാണ് അവാർഡിനായി പരിഗണിച്ചത്. ജന്മനാ വൈകല്യം ബാധിച്ച കുട്ടികളുടെ ചുണ്ടുകൾക്ക് ശസ്ത്രക്രിയ നടത്തുന്നതിനു കുപ്പികളും കാനുകളും ശേഖരിച്ചു. 40,000 ഡോളറോളമാണ് സൊനാലി രണവീര സംഭാവന നൽകിയത്. ദന്ത സംരക്ഷണത്തിനും വിദ്യാർഥികൾക്കാവശ്യമായ പഠന സാമഗ്രികളും വസ്ത്രങ്ങളും ലോകത്തിന്റെ വിവിധ രാഷ്ട്രങ്ങളിലുള്ള കുട്ടികൾക്ക് എത്തിച്ചുകൊടുക്കുന്നതിൽ രണവീര വഹിച്ച പങ്ക് പ്രശംസനീയമായിരുന്നു. ഒരു പ്രത്യേക ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുമ്പോൾ ഒന്നും അസാധ്യമല്ല എന്ന് രണവീര തെളിയിച്ചു.

മലിന ജലം ശുദ്ധീകരിക്കുന്നതിനുള്ള ചെലവു കുറഞ്ഞ മാർഗം കണ്ടെത്തിയതിനാണ് ദീപിക കുറുപ്പിന് അംഗീകാരം ലഭിച്ചത്.

2012 ൽ അമേരിക്കയിലെ പ്രായം കുറഞ്ഞ ശാസ്ത്രജ്ഞയായി ദീപിക കുറുപ്പ് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 2012ൽ ഇന്ത്യ സന്ദർശിച്ചപ്പോൾ, ആയിരക്കണക്കിനു കുട്ടികൾ മലിന ജലം കുടിക്കുന്നത് കണ്ടതാണ് ഇങ്ങനെയൊരു കണ്ടുപിടുത്തത്തിനു പ്രേരിപ്പിച്ചതെന്ന് ദീപിക പറഞ്ഞു.

ജേതാക്കൾക്ക് 5,000 ഡോളർ വീതം സമ്മാനമായി ലഭിക്കും.

# ഷിക്കാഗോയിൽ പരുമല തിരുമേനിയുടെ ഓർമപ്പെരുന്നാൾ ആചരിക്കുന്നു

**ജോർജ് വർഗീസ് വെങ്ങാഴി**



*ഷിക്കാഗോ:* പ്രഥമ ഭാരതീയ പരിശുദ്ധനും, ബെൽവുഡ് സെന്റ് ഗ്രിഗോറിയോസ് കത്തീഡ്രലിന്റെ കാവൽ പിതാവുമായ പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ ബെൽവുഡ് ഓർത്തഡോക്സ് കത്തീഡ്രലിൽ ഭക്ത്യാദരങ്ങളോടെ ആചരിക്കുന്നു.

ഓർത്തഡോക്സ് സഭയുടെ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത, വികാരി ഫാ. ഡാനിയേൽ ജോർജ് തുടങ്ങിയവർ പെരുന്നാൾ ചടങ്ങുകൾക്കും ആരാധനയ്ക്കും നേതൃത്വം വഹിക്കും.

23നു (വെള്ളിയാഴ്ച) ഏഴിനു സന്ധ്യാനമസ്കാരം, മദ്ധ്യസ്ഥ പ്രാർത്ഥന, രോഗികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർഥനകൾ, തുടർന്ന് മെത്രാപ്പോലീത്ത നയിക്കുന്ന പെരുന്നാൾ ഒരുക്ക ധ്യാനവും ഉണ്ടായിരിക്കും.

24നു (ശനിയാഴ്ച) വൈകുന്നേരം ആറിനു എത്തുന്ന ഇടവക മെത്രാപ്പോലീത്തയെയും വിശിഷ്ടാതിഥികളെയും ദേവാലയ കവാടത്തിൽനിന്നു സ്വീകരിച്ച് ദേവാലയത്തിലേക്ക് ആനയിക്കും. പ്രാർഥനയ്ക്കുശേഷം 6.30-ന് ആഘോഷപൂർവമായ കൊടിയേറ്റ് നടക്കും. ഏഴിനു സന്ധ്യാപ്രാർത്ഥന, ധൂപപ്രർഥന, ആശീർവാദം എന്നിവയുണ്ടായിരിക്കും. തുടർന്ന് നടക്കുന്ന പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസ് അനുസ്മരണ സമ്മേളനം തിരുമേനി ഉദ്ഘാടനം ചെയ്യും. ഒമ്പതിനു സ്നേഹവിരുന്നോടുകൂടി പരിപാടികൾ സമാപിക്കും.

25-നു രാവിലെ ദേവാലയത്തിലെത്തുന്ന തിരുമേനിയെയും, വൈദികരെയും ശുശ്രൂഷകസംഘം ദേവാലയത്തിലേക്ക് ആനയിക്കും. തുടർന്നു 8.30-ന് പ്രഭാത നമസ്കാരവും, 9.30-നു വിശുദ്ധ കുർബാന, 11.30നു കൊടി, മുത്തുക്കുടകൾ, കുരിശ്, വാദ്യമേളങ്ങൾ എന്നിവയുടെ അകമ്പടിയോടെ നടക്കുന്ന റാസയിൽ പ്രാർഥനയിലും, പെരുന്നാളിന്റെ സ്തുതിഗീതങ്ങൾ ആലപിച്ചും വിശ്വാസികൾ പങ്കെടുക്കും. വാഴ്വിനും കൈമുത്തിനും ശേഷം വിഭവമസൃദ്ധമായ സദ്യയും ഉണ്ടായിരിക്കും. ഭക്തജനങ്ങൾ ആരാധനയിലും, പരിശുദ്ധ പരുമല തിരുമേനിയെക്കുറിച്ചുള്ള പ്രഭാഷണ പരമ്പരയിലും വിശുദ്ധിയോടും നോമ്പാചരണത്തോടും പ്രാർഥനപൂർവമായും വന്ന് അനുഗ്രഹം പ്രാപിക്കണമെന്നു വികാരി ഫാ. ഡാനിയേൽ ജോർജ് താത്പര്യപ്പെടുന്നു. പെരുന്നാളിന്റെ വിപുലമായ നടത്തിപ്പിനായി ട്രസ്റ്റി മാത്യു ഫിലിപ്പ്, സെക്രട്ടറി ഏലിയാമ്മ പുന്നൂസ്, ജനറൽ കോ-ഓർഡിനേറ്റർ ഗ്രിഗറി ഡാനിയേൽ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

# സാഹിത്യവേദിയിൽ കാവ്യസന്ധ്യ

*ഷിക്കാഗോ:* 2 വെള്ളിയാഴ്ച വൈകിട്ട് 6.30നു കൺട്രി ഇൻ ആൻഡ് സ്യൂട്ടിൽ (2200 S Elmhurst, MT. Prospect, Ill) കൂടുന്ന ഒക്ടോബർ മാസ സാഹിത്യവേദി കാവ്യസന്ധ്യയായി ആചരിക്കുന്നതാണ്. മലയാളഭാഷാ പിതാവെന്നു വിശേഷിപ്പിക്കുന്ന തുഞ്ചത്ത് എഴുത്തച്ഛന്റെ കവിത മുതൽ പിൻകാലങ്ങളിൽ മലയാള ഭാഷയ്ക്ക് കാവ്യസമ്പത്ത് നൽകിയ വള്ളത്തോൾ, കുമാരനാശാൻ, വൈലോപ്പള്ളി, ചങ്ങമ്പുഴ, വയലാർ, ഒ.എൻ.വി തുടങ്ങിയ കവികളുടെ ശ്രദ്ധേയങ്ങളായ കവിതകൾ ആസ്വദിക്കുന്നതിനും ഓർമ പുതുക്കുന്നതിനും ഈ സാഹിത്യവേദി അവസരമൊരുക്കുന്നു. ഇഷ്ടപ്പെട്ട കവിതകൾ അവതരിപ്പിക്കുന്നതിനും, സ്വന്തം കവിതകൾ അവതരിപ്പിക്കുന്നതിനും സാഹിത്യസ്നേഹികളെ 191-ാമതു സാഹിത്യവേദിയിലേക്ക് സ്വാഗതം ചെയ്യുന്നു.

# മാർത്തോമ ഫെസ്റ്റ് 3ന്

*ഡാളസ് :* മാർത്തോമ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ആഘോഷിക്കുന്ന മാർത്തോമ ഫെസ്റ്റ് 3 ശനിയാഴ്ച പള്ളി ഓഡിറ്റോറിയത്തിലും പരിസരത്തുമായി നടത്തപ്പെടുന്നു.

ശനിയാഴ്ച ഉച്ചയ്ക്കു 2നു കായികവിനോദ പരിപാടികളോടെയാണു ഫെസ്റ്റ് ആരംഭിക്കുക. ഉദ്ഘാടന സമ്മേളനം വൈകുന്നേരം 5.30 നും കലാപരിപാടികൾ വൈകിട്ട് ആറു മുതൽ 9.30 വരെയുമാണ്.

മാർത്തോമ ചർച്ച് ഓഫ് ഡാളസ് കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിലെ സ്നേഹതീരം, എംസിആർഡി പ്രാദേശിക മിഷൻ പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികളിലേക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി നടത്തി വരുന്ന പരിപാടി വിജയിപ്പിക്കുന്നതിന് എല്ലാവരുടെയും സഹകരണം സംഘാടകർ അഭ്യർഥിച്ചു.

കേരളീയ ഭക്ഷണ വിഭവങ്ങൾ, കൾച്ചറൽ പ്രോഗ്രാം, എന്റർടെയ്ൻമെന്റ് എന്നിവ ഫെസ്റ്റിൽ ഉണ്ടായിരിക്കും. റവ. സജി പി. സി(വികാരി), റവ. മാത്യു സാമുൽ (അസി. വികാരി) ടോം ഫിലിപ്പ് (കൺവീനർ) എന്നിവരുൾപ്പെടുന്ന വിപുലമായ ഒരു കമ്മിറ്റിയാണു പരിപാടിയുടെ വിജയത്തിനായി പ്രവർത്തിക്കുന്നത്. പ്രവേശനവും പാർക്കിംഗും സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്ക് : 972 939 0699, 972 975 7468, 817 510 3244.

**പി. പി. ചെറിയാൻ**

# ഡാളസിൽ സ്റ്റേജ് ഷോ 'ഋതുബഹാർ' 11ന്

**മാർട്ടിൻ വിലങ്ങോലിൽ**




*ഡാളസ്:* സിനിമാ നൃത്ത സംഗീത രംഗത്തെ അതുല്യ പ്രതിഭകളെ അണി നിരത്തിക്കൊണ്ടുള്ള അത്യന്തം പുതുമയാർന്ന നൃത്ത സംഗീത സ്റ്റേജ് ഷോ 11 നു ഡാളസിൽ അരങ്ങേറും.

ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്താൻ ലക്ഷ്യമിട്ട് 2012ൽ ഡാളസിൽ പ്രവർത്തനമാരംഭിച്ച ഡാളസ് എയ്സ് ലയൺസ് ക്ലബാണ് സ്റ്റേജ് ഷോയ്ക്ക് ആതിഥേയത്വം വഹിക്കുന്നത്.

ക്ലബിന്റെ ചാരിറ്റി പ്രവർത്തനങ്ങളോടൊപ്പം തന്നെ കഴിഞ്ഞ മൂന്നു വർഷക്കാലമായി വിജയകരമായി സൗത്ത് ഏഷ്യൻ വിഭാഗത്തിൽപ്പെട്ടവരെ, പ്രധാനമായും ബോൺമാരോ രജിസ്റ്ററിൽ അംഗങ്ങളാക്കിയ സംഘടനയുടെ രണ്ടാമത്തെ സംരംഭമാണിത്. 'ഹൃദയ സ്പർശം 2015' എന്ന പരിപാടിയിലൂടെ സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന മലയാളികൾക്കു സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തുന്നതിനുള്ള ഫണ്ട് സ്വരൂപിക്കുകയാണു ലക്ഷ്യം.

പ്രശസ്ത സംവിധായകനും ഡോക്യുമെന്ററിയനുമായ വിനോദ് മങ്കര സംവിധാനം ചെയ്യുന്ന ഷോയിൽ സിനിമാതാരം ജഗദീഷിനോടൊപ്പം പതിനാറിൽ പരം കലാകാരന്മാർ അണിനിരക്കും. സ്ത്രീ പ്രകൃതിതന്നെയാണെന്ന കാഴ്ചപാടിൽ, പ്രകൃതിയുടെ പരിവർത്തനങ്ങളായ ഋതുക്കളിലൂടെ പ്രണയം, വിരഹം, കോപം, കാത്തിരിപ്പ് എന്നിവ അതിമനോഹരമായി വേദിയിൽ അവതരിപ്പിക്കപ്പെടും. പ്രകൃതിയോടടുത്തുള്ള ഈ യാത്രയിൽ ഉപകരണ സംഗീത ഫ്യൂഷൻ, തമിഴ്, ഹിന്ദി, മലയാള സിനിമാ ഈണങ്ങൾ, ഫോക്ക് കഥക്മോഹിനിയാട്ടം ഫ്യൂഷൻ എന്നിവ അതിനൂതനമായി സമന്വയിപ്പിച്ചിരിക്കുന്നു.

ഷോയുടെ സംഗീതം പ്രശസ്ത ഹിന്ദുസ്ഥാനി സംഗീതജ്ഞനും ഈ വർഷത്തെ കേരള സർക്കാരിന്റെ മികച്ച സംഗീത സംവിധായനുള്ള അവാർഡ് ജേതാവുമായ പണ്ഡിറ്റ് രമേശ് നാരായണനാണു നിർവഹിക്കുന്നത്. താളവിദ്വാൻ പദ്മശ്രീ മട്ടന്നൂർ ശങ്കരൻ കുട്ടി, കരുണാമൂർത്തി തുടങ്ങിയവരും പരിപാടിയുടെ ഭാഗമാകും. സമുദ്ര ആർട്സാണ് കോറിയോ ഗ്രാഫി നിർവഹിക്കുന്നത്. നൃത്ത വേദിയിൽ രചന നാരായണൻകുട്ടി, ആതിര ശങ്കർ, പി. അഞ്ജന എന്നിവരും ഒത്തുചേരുന്നു.

വിവരങ്ങൾക്ക്: ജോജോ കോട്ടയ്ക്കൽ: 972 904 1857, പോൾ സെബാസ്റ്റ്യൻ 214 207 9341.

# 'കെസ്റ്റർ ലൈവ് ഹൂസ്റ്റണിൽ 4ന്




*ഹൂസ്റ്റൺ:* അമേരിക്കയിലെ നിരവധി വേദികളിൽ സംഗീത തരംഗങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ക്രൈസ്തവ സംഗീത ലോകത്തെ മധുരഗായകൻ കെസ്റ്ററിനെയും സംഘത്തെയും വരവേൽക്കാൻ ഹൂസ്റ്റൺ ഒരുങ്ങിക്കഴിഞ്ഞുവെന്ന് സംഘാടകർ അറിയിച്ചു.

എംഎം എന്റർടെയിൻമെന്റും റെഡീമർ കിംഗ്ഡവും സംയുക്തമായി സംഘടിപ്പിക്കുന്ന 'കെസ്റ്റർ ലൈവ് 2015' സംഗീത നിശ 4ന് വൈകിട്ട് ആറിനു സ്റ്റാഫോർഡിലുള്ള ഇമ്മാനുവൽ സെന്ററിലാണ് അരങ്ങേറുക.

ഓർക്കസ്ട്രയുടെ ടിക്കറ്റുകൾ അതിവേഗം തീർന്നുകൊണ്ടിരിക്കുകയാണെന്നും www.redeemerkingdom.comൽ കൂടിയും സംഘാടകരിൽനിന്നു ടിക്കറ്റുകൾ ലഭ്യമാണെന്നും സംഘാടകർ അറിയിച്ചു.

കെസ്റ്ററിനോടൊപ്പം പ്രശസ്ത ഗായകരായ ബിനോയ് ചാക്കോയും സിസിലി ഏബ്രഹാമും സംഗീത സംവിധായകൻ സുനിൽ സോളമനും ഗാനമേളയ്ക്ക് നേതൃത്വം നൽകും. കെസ്റ്റർ ലൈവ് 2015 മലയാളികളായ എല്ലാ ക്രൈസ്തവ സംഗീത ആസ്വാദകർക്കും ഒരു പുത്തൻ അനുഭവമായിരിക്കുമെന്നു സംഘാടകർ പ്രത്യാശ പ്രകടിപ്പിച്ചു.

വിവരങ്ങൾക്ക്: റോയി ജോർജ് 832 642 5607 ഫിന്നി രാജു 832 646 9078.

**പി.പി. ചെറിയാൻ**

# ജോർജ് തുമ്പയിലിനെ ആദരിച്ചു



*ന്യൂജേഴ്സി:* പത്രപ്രവർത്തന രംഗത്തും, ദൃശ്യമാധ്യമ രംഗത്തും പ്രവർത്തിക്കുന്ന ജോർജ് തുമ്പയിലിനെ നാമത്തിന്റേയും, മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടേയും (മഞ്ച്) ഓണാഘോഷത്തിൽ ആദരിച്ചത് വ്യത്യസ്താനുഭവമായി.

കാൽ നൂറ്റാണ്ടിലേറെയായി സാഹിത്യമാധ്യമ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ജോർജ് തുമ്പയിലിനെ ആദരിക്കുന്നതിൽ അഭിമാനമുണ്ടെന്നു അവാർഡ് ശിൽപം നൽകിക്കൊണ്ടു നാമം സ്ഥാപകൻ മാധവൻ ബി. നായരും, മഞ്ച് പ്രസിഡന്റ് ഷാജി വർഗീസും പറഞ്ഞു.

അവാർഡ് സ്വീകരിച്ചു നടത്തിയ പ്രസംഗത്തിൽ സ്വന്തം നാട്ടിൽ തന്നെ ആദരിക്കപ്പെടുന്നതിൽ സന്തോഷമുണ്ടെന്ന് ജോർജ് തുമ്പയിൽ പറഞ്ഞു. നന്ദി, സ്നേഹം, കടപ്പാട് എന്നീ വാക്കുകൾക്ക് സമാനമായ പത്തുനൂറ് വാക്കുകളും പ്രയോഗങ്ങളും നമുക്ക് കാണാൻ കഴിയും. നാമവും മഞ്ചും ചേർന്ന് നൽകുന്ന ഈ സ്നേഹപൂർണമായ അംഗീകാരത്തിനു ഈ മൂന്നു വാക്കുകളാണു പകരമായി എനിക്ക് നൽകുവാനുള്ളതെന്നും അദ്ദേഹം പറഞ്ഞു.

പുലികളിയും ചെണ്ടമേളവും താലപ്പൊലിയുമായി മാവേലി മന്നനെ എതിരേറ്റതോടെ ഓണാഘോഷത്തിനു തുടക്കമായി. ആഘോഷ കമ്മിറ്റി കൺവീനർ സജിത് കുമാർ ആമുഖ പ്രസംഗം നടത്തി. പ്രശസ്ത മാധ്യമ പ്രവർത്തക വിനീത നായരായിരുന്നു എം.സി. നാമം പ്രസിഡന്റ് ഡോ. ഗീതേഷ് തമ്പി സ്വാഗതം പറഞ്ഞു. സുജ ജോസ്, ആശ എന്നിവർ കലാപരിപാടികൾക്ക് നേതൃത്വം നൽകി.

മാലിനി നായരുടെ നേതൃത്വത്തിലുള്ള തിരുവാതിരകളി ഹൃദയഹാരിയായി. എട്ടുവീട്ടിൽ പയ്യൻസ് അവതരിപ്പിച്ച തിരുവാതിര കളിയും ഈ രംഗത്തു സ്ത്രീകൾക്കു മാത്രമല്ല, പുരുഷന്മാർക്കും ശോഭിക്കാവുന്നതാണെന്നു തെളിയിച്ചു. തികച്ചും വ്യത്യസ്താനുഭവവുമായി അത്. പ്രേം നാരായണൻ, സഞ്ജീവ് കുമാർ, സജി ആനന്ദ്, കാർത്തിക ശ്രീധർ, മനോജ് കൈപ്പള്ളി , അജിത് കണ്ണൻ, സുനിൽ രവീന്ദ്രൻ എന്നിവരായിരുന്നു എട്ടുവീടന്മാർ.

പായസ മത്സരം ഇത്തവണ മധുരമുള്ള മത്സരമായി. പായസ മത്സരത്തിൽസുധാ നരായണൻ, സ്മിതാ പ്രശാന്ത്, മിലി രാധൻ എന്നിവർ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നേടി. വടംവലി തുടങ്ങി വിവിധ മത്സരങ്ങളും അരങ്ങേറി.

ഫൊക്കാനാ ട്രസ്റ്റി ബോർഡ് ചെയർ പോൾ കറുകപ്പിള്ളിൽ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ട്രഷറർ ജോയി ഇട്ടൻ, ജോ. സെക്രട്ടറി ജോസഫ് കുര്യപ്പുറം, മുൻ ജനറൽ സെക്രട്ടറി ടെറൻസൺ തോമസ്, വനിതാ വിഭാഗം നേതാവ് ലീല മാരേട്ട്, ഫോമാ പി.ആർ.ഒ ജോസ് ഏബ്രഹാം, മാധ്യമ പ്രവർത്തകരായ ജോർജ് ജോസഫ്, സുനിൽ ട്രൈസ്റ്റാർ, ഫ്രാൻസീസ് തടത്തിൽ, വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ പ്രസിഡന്റ് ശ്രീകുമാർ ഉണ്ണിത്താൻ, ഫൊക്കാനയുടെ മുതിർന്ന നേതാവ് ടി.എസ് ചാക്കോ, ജോസ് തോമസ്, നടി സജിനി സക്കറിയ, കാൻജ് പ്രസിഡന്റ് ജയപ്രകാശ് തുടങ്ങി ഒട്ടേറെ പേർ പങ്കെടുത്തു

# അയ്യപ്പക്ഷേത്രം വെസ്റ്റ് ചെസ്റ്ററിൽ

**ജോസ് കാടാപ്പുറം**

*ന്യൂയോർക്ക്:* അമേരിക്കയിലെ അയ്യപ്പഭക്തരുടെ ചിരകാലഭിലാഷം പുവണിയുന്നു. വേൾഡ് അയ്യപ്പ സേവ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ധർമ ശാസ്താവിന്റെ അമേരിക്കയിലെ ആദ്യത്തെ അയ്യപ്പസ്വാമി ക്ഷേത്രം ന്യൂയോർക്കിലെ വെസ്റ്റ് ചെസ്റ്ററിൽ നവംബർ 14, 15 തീയതികളിൽ ബാലാലയ പ്രതിഷ്ഠാ കർമത്തോടെ ആരംഭിക്കും.

ശ്രീഅയ്യപ്പ സ്വാമിക്കൊപ്പം നാട്ടിൽനിന്നു കൊണ്ടുവരുന്ന ഗണപതിയുടെയും ഹനുമാന്റെയും വിഗ്രഹങ്ങളും ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കും. ബാലാലയ പ്രതിഷ്ഠാകർമം നടത്തുന്നതിനായി സതീഷ് ശർമയുടെ നേതൃത്വത്തിൽ വിവിധ പൂജാരിമാർ മംഗള കർമം സാക്ഷാത്കരിക്കും. വിഗ്രഹ സ്പോൺസർഷിപ്പ്, വിളക്കു സമർപ്പണം, വിവിധ പൂജകൾ, കാർ പൂജ, നാമകരണം, ചോറുണ്, അഭിഷേകം, പിടിയരി തുടങ്ങി നിരവധി വഴിപാടുകൾക്കുള്ള സൗകര്യങ്ങൾ ചെയ്തു വരുന്നു. നിത്യേന ഭജനയും വിജ്ഞാന പ്രഭാഷണവും മുഖ്യ അജണ്ടയിൽ ഉള്ളതായി ഗുരുസ്വാമി അറിയിച്ചു. ജനറൽ സെക്രട്ടറി ഡോ. പത്മ്ജ പ്രേമിന്റെ നേതൃത്വത്തിൽ മഹിളാ വിഭാഗം പ്രസാദ വിതരണവും അന്നദാനവും എല്ലാ ദിവസവും നടന്നു വരുന്നു.

ന്യൂയോർക്കിലെ മാധ്യമപ്രവർത്തകരുടേയും ഇതര മതസ്ഥരുടേയും സഹകരണം വാസ്റ്റന്റെ പ്രവർത്തനങ്ങൾക്ക് കരുത്തു പകർന്നതായി പ്രവർത്തകർ പറഞ്ഞു.

# സ്റ്റാറ്റൻ ഐലൻഡിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻെറ തിരുനാൾ ആഘോഷിക്കുന്നു

**ബേബിച്ചൻപൂഞ്ചോല**



*ന്യൂയോർക്ക്:* സ്റ്റാറ്റൻ ഐലൻഡ് സീറോ മലബാർ കത്തോലിക്ക ഇടവകയിൽ ആണ്ടുതോറും ആഘോഷിച്ചുവരുന്ന വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻെറ തിരുനാൾ ഈ വർഷവും ഭക്ത്യാഡംബരപൂർവം കൊണ്ടാടുവാൻ പള്ളിക്കമ്മിറ്റി തീരുമാനിച്ചു. ഇടവകയുടെ സ്വർഗീയ മദ്ധ്യസ്ഥനായ വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻെറ തിരുനാളിനോടൊപ്പം പരിശുദ്ധ കന്യകാമറിയത്തിന്റേയും മാർ തോമ്മാശ്ലീഹായുടേയും തിരുനാളുകൾ സംയുക്തമായി ടോംകിൻസ് അവന്യൂവിലുള്ള സെന്റ് ജോസഫ് പള്ളിയിൽ വച്ച് ഭക്തിനിർഭരമായ തിരുക്കർമങ്ങളോടും പ്രൗഢഗംഭീരമായ പ്രദക്ഷിണത്തോടുംകൂടി 18 ഞായറാഴ്ച ആഘോഷിക്കുന്നതാണ്.

ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ കത്തോലിക്കാ രൂപതയുടെ സഹായ മെത്രാൻ അഭിവന്ദ്യ മാർ ജോയ് ആലപ്പാട്ട് പിതാവ് തിരുനാൾ തിരുക്കർമങ്ങളിൽ മുഖ്യകാർമികത്വം വഹിക്കും. ബ്രോങ്ക്സ് ഫൊറോന പള്ളി വികാരി ഫാ. ജോസ് കണ്ടത്തിക്കുടി തിരുനാൾ സന്ദേശം നൽകും. ന്യൂയോർക്ക്, ന്യൂജേഴ്സി ഇടവകകളിലെ എല്ലാ വികാരിമാരും തിരുനാൾ കർമങ്ങളിൽ സഹകാർമികത്വം വഹിക്കും.

പള്ളിയിലെ തിരുക്കർമങ്ങൾക്കുശേഷം കൊടികളുടെയും, മുത്തുക്കുടകളുടെയും, ചെണ്ടവാദ്യമേളങ്ങളുടേയും അകമ്പടിയോടെ തിരുസ്വരൂപങ്ങളും തിരുശേഷിപ്പും എഴുന്നള്ളിച്ചുകൊണ്ട് നഗരം ചുറ്റിയുള്ള ഭക്തിനിർഭരമായ പ്രദക്ഷിണവും ഉണ്ടായിരിക്കുന്നതാണ്. തുടർന്ന് സ്നേഹവിരുന്നും ലോംഗ് ഐലൻഡ് താളലയം ടീം അവതരിപ്പിക്കുന്ന ചെണ്ടമേളവും ഉണ്ടായിരിക്കുന്നതാണ്.

പാലായിലെ രാമപുരം നിവാസിയും സ്റ്റാറ്റൻ ഐലൻഡ് ഇടവകാംഗവുമായ വട്ടുകുന്നേൽ ടോം തോമസും കുടുംബവുമാണ് ഈ വർഷത്തെ തിരുനാൾ ഏറ്റെടുത്തു നടത്തുന്നത്. തിരുനാളിനു ഒരുക്കമായുള്ള നവനാൾ പ്രാർഥനയും പരിശുദ്ധ കുർബാനയുടെ വാഴ്വും തിരുനാളുവരെയുള്ള എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ കുർബാനയോടുകൂടി വൈകുന്നേരം 4.30നു നടത്തുന്നു.

തിരുനാൾ ആഘോഷങ്ങൾ വളരെ ഭംഗിയോടും ഏറ്റവും ഭക്തിയോടുംകൂടി നടത്താനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നതായി പ്രസുദേന്തി ടോം തോമസ് (91747 89896) അറിയിച്ചു.

# ജർമൻ ഭരണഘടനയ്ക്ക് ഇനി അറബി പരിഭാഷയും

*ബർലിൻ:* ജർമനിയിൽ എത്തിയിട്ടുള്ള അഭയാർഥികൾക്കു വേണ്ടി ജർമൻ ഭരണഘടന അറബിഭാഷയിലേക്കു ഭാഷാന്തരം ചെയ്തു. അഭിപ്രായ സ്വാതന്ത്ര്യം ഉൾപ്പെടെയുള്ള പ്രധാന കാര്യങ്ങൾ വിശദീകരിക്കുന്ന ആദ്യത്തെ 20 വകുപ്പുകളുടെ പരിഭാഷയാണു പ്രസിദ്ധീകരിച്ചത്.

ഈവർഷം എട്ടുലക്ഷം അഭയാർഥികൾ ജർമനിയിൽ എത്തുമെന്നാണു കരുതുന്നത്. ഇവർ ജർമൻ സമൂഹവുമായി എങ്ങനെ ഇഴുകിച്ചേരുമെന്ന കാര്യത്തിൽ പലർക്കും ആശങ്കയുണ്ട്. ഈ സാഹചര്യത്തിലാണ് ഭരണഘടനയുടെ സുപ്രധാന വകുപ്പുകളുടെ അറബി പരിഭാഷ തയാറാക്കിയത്.

ജർമനിയിൽ അഭയം തേടിയവർ ജർമൻ സംസ്കാരവുമായി യോജിച്ചു പോകുന്നതിനു ശ്രമിക്കണം. ഇതിനവരെ സഹായിക്കാൻ പരിഭാഷ സഹായിക്കുമെന്നു കരുതുന്നതായി ജർമൻ വൈസ് ചാൻസലർ സിഗ്മർ ഗബ്രിയേൽ ബിൽഡ് പത്രത്തോടു പറഞ്ഞു. മതപരിവർത്തനം നടത്താനോ സ്വകാര്യ ജീവിതത്തിൽ മാറ്റം വരുത്താനോ ആരെയും നിർബന്ധിക്കില്ല. എന്നാൽ, ജനാധിപത്യ സമൂഹം എന്ന ആശയം എല്ലാവരും അംഗീകരിച്ചേ മതിയാവു. മതവും രാഷ്ട്രവും തമ്മിലുള്ള വേർതിരിവ്, പുരുഷനും സ്ത്രീക്കും തുല്യാവകാശം, ആശയ പ്രകാശന സ്വാതന്ത്ര്യം തുടങ്ങിയവ ജർമൻ ഭരണഘടനയിൽ എടുത്തു പറഞ്ഞിട്ടുണ്ട്. ജർമനിയിൽ താമസിക്കാൻ ആഗ്രഹിക്കുന്നവർ ഇത് അംഗീകരിക്കാൻ ബാധ്യസ്ഥരാണെന്ന് സിഗ്മർ ഗബ്രിയേൽ ചൂണ്ടിക്കാട്ടി. പുതുതായി വരുന്ന അഭയാർഥികൾക്ക് രജിസ്ട്രേഷൻ സെന്ററുകളിൽനിന്ന് ഭരണഘടനയുടെ അറബി പതിപ്പ് വാങ്ങാം.

# ഡാളസ് സൗഹൃദ വേദി ഓണാഘോഷം



*ഡാളസ്:* ഡാളസ് സൗഹൃദ വേദി വിവിധ പരിപാടികളോടെ ഓണം ആഘോഷിച്ചു.

സെപ്റ്റംബർ 7ന് കരോൾട്ടൺ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളി ഓഡിറ്റോറിയത്തിലായിരുന്നു ഓണാഘോഷം.

ഡാളസ് ഹിന്ദു സൊസൈറ്റി പ്രസിഡന്റ് ഗോപാല പിള്ള നിലവിളക്കു തെളിച്ച് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പ്രസിഡന്റ് എബി തോമസ് അധ്യക്ഷത വഹിച്ചു. റാന്നി കോളജ് മുൻ പ്രിൻസിപ്പൽ പ്രഫ. റെജി കുര്യാക്കോസ് ഓണസന്ദേശം നൽകി.

കേരള ലിറ്ററി സൊസൈറ്റിയുടെ പ്രസിഡന്റുമായ ഏബ്രഹാം തെക്കേമുറി, വേൾഡ് മലയാളി കൗൺസിൽ ചെയർമാൻ ജോൺസൻ തലച്ചല്ലൂർ, റിട്ട. ഹൈസ്കൂൾ അധ്യാപിക സാറ ചെറിയാൻ തുടങ്ങിയവർ ആശംസകൾ നേർന്നു. ഡാളസിലെ കലാ സാംസ്കാരിക മേഖലകളിൽ ശോഭിക്കുന്ന തോമസ് ഏബ്രഹാം മാവേലിയായി വേഷമിട്ടു.

പ്രോഗ്രാം കൺവീനർ സുകു വർഗീസും സൗഹൃദവേദി അംഗം ഷീന അലക്സും ഓണപ്പാട്ട് പാടി. തുടർന്നു നഴ്സുമാർ തിരുവാതിര അവതരിപ്പിച്ചു.

നിഷ ജേക്കബ് പരിപാടിയുടെ എംസി ആയിരുന്നു.

ബാല കലാകാരി നടാഷ കൊക്കൊടിൽ അവതരിപ്പിച്ച നൃത്തം, ഷൈനി ഫിലിപ്പിന്റെ പരിശീലനത്തിൽ വിദ്യാർഥികൾ നടത്തിയ നൃത്തം, റൂബി തോമസ്, ഡോണ ജോസ് എന്നിവരുടെ സംഗീതം എന്നിവ അരങ്ങേറി.

പ്രശസ്ത സാഹിത്യകാരി ഷീലാ മോൻസ് മുരിക്കൻ, എഴുത്തുകാരി മീനു എലിസബത്ത്, മാധ്യമപ്രവർത്തകൻ പി.പി. ചെറിയാൻ, ഫിലിപ്പ് സാമുവൽ, രാജു വർഗീസ്, അനിൽ മാത്യു, തോമസ് ഏബ്രഹാം, രാജു ആശാരിയത്ത്, എൻ.വി ഏബ്രഹാം എന്നിവർ ആശംസ നേർന്നു പ്രസംഗിച്ചു.

# ഓണം പൂരമാക്കി വാഷിംഗ്ടൺ ഡിസി



**വിനോദ് കൊണ്ടൂർ ഡേവിഡ്**

*വാഷിംഗ്ടൺ ഡിസി:* നാലു പതിറ്റാണ്ടിന്റെ പാരമ്പര്യത്തിനു തിലകം ചാർത്തി KAGW മലയാളി അസോസിയേഷൻ കേരള തനിമയും നിറഭംഗികളും കൈമോശം വരാതെ ഒരുവട്ടംകൂടി ഓണം ആഘോഷിച്ചു.

സെപ്റ്റംബർ 19നു മാർഷൽ ഹൈസ്കൂൾ FallsChurch ലാണ് ആഘോഷ പരിപാടികൾ അരങ്ങേറിയത്.

ഓണസദ്യയും തുടർന്നു നടന്ന നടക്കുന്ന പൊതുസമ്മേളനവും ഒഴിവാക്കി അരങ്ങേറിയ കലാവിരുന്നും ഇത്തവണത്തെ ഓണാഘോഷത്തെ അവിസ്മരണീയമാക്കി. ജനപങ്കാളിത്തംകൊണ്ടു നിറഞ്ഞു കവിഞ്ഞ ആഘോഷവേദിയിൽ കൊച്ചു കുട്ടികളും മുതിർന്നവരും കേരളീയ വസ്ത്രങ്ങളണിഞ്ഞു കേരളത്തിന്റെ തനിപ്പകർപ്പായി മാറി.

മഹാബലി തമ്പുരാൻ എഴുന്നള്ളിയ ഘോഷയാത്രയിൽ താലപ്പൊലിയും ചെണ്ടമേളവും തുടർന്ന് അസോസിയേഷൻ തീം സോംഗ് വീഡിയോ പതിപ്പും പുറത്തിറക്കി. തീം സോംഗ് പുറത്തിറക്കുന്ന ആദ്യ അമേരിക്കൻ മലയാളി അസോസിയേഷൻ ആണ് KAGW എന്ന് ഭാരവാഹികൾ പറഞ്ഞു.



## ജർമനിയിലെ അഭയാർഥി ക്യാമ്പിൽ പ്രശ്നം; സർക്കാരിനു തലവേദനയാവുന്നു

**ജോസ് കുമ്പിളുവേലിൽ**



*ബർലിൻ:* ജർമനി പൂർണമനസോടെ അഭയാർഥികളെ സ്വീകരിച്ച് അഭയം നൽകിയത് ഇപ്പോൾ സർക്കാരിനുതന്നെ തലവേദനയാവുന്നു.

ഇക്കഴിഞ്ഞ ദിവസം കാസൽ പട്ടണത്തിൽ 1500 ഓളം അഭയാർഥികളെ പാർപ്പിച്ചിരിക്കുന്ന കേന്ദ്രത്തിൽ അഭയാർഥികൾ തമ്മിലുള്ള സംഘടനവും കൈയേറ്റവും ഉണ്ടായതിനെത്തുടർന്ന് പോലീസിനെ പ്രത്യേക ഡ്യൂട്ടിക്ക് ഇട്ടിരിക്കുകയാണ്. സംഭവത്തിന്റെ പേരിൽ 14 അഭയാർഥികളെ പോലീസ് അറസ്റ്റ് ചെയ്തു.

വിവിധ മതസ്ഥരും വിവിധ രാജ്യക്കാരും തമ്മിലുള്ള പൊരുത്തക്കേടും അവരുടെ ആചാരങ്ങളുമാണു കൈയേറ്റത്തിന്റെ കാരണമായി പോലീസ് നിരത്തുന്നത്. ശാന്തമായി എത്തിയവരൊക്കെയും ഇപ്പോൾ അവരവരുടെ തനിനിറം പുറത്തെടുക്കുകയാണെന്ന ശക്തമായ ആക്ഷേപമാണു പുറംലോകത്തു നിന്നും ഇപ്പോൾ ഉയരുന്നത്. ഭാഷ, മതം, സംസ്കാരം, ഭക്ഷണരീതി തുടങ്ങിയ കാര്യങ്ങളെ അവലംബിച്ചാണ് അഭയാർഥികൾ തമ്മിൽ ബലാബലം നോക്കുന്നത്.

മുന്നൂറിലധികം വരുന്ന അൽബേനികളായ അഭയാർഥികൾ നൂറോളം പാകിസ്ഥാൻ സ്വദേശികളായ അഭയാർഥികളെ കൈക്കരുത്തുകൊണ്ടു നേരിടുകയായിരുന്നു. ഇതിനിടെ കത്തിക്കുത്തും ഉണ്ടായതായി പോലീസ് വെളിപ്പെടുത്തി. അഭയാർഥികൾ അക്രമം കാട്ടിയാൽ നിരുപാധികം നാടുകടത്തുമെന്ന് അധികാരികളുടെ ഭാഗത്തും ഉയർന്നതായി റിപ്പോർട്ടുകളുണ്ട്. എന്തായാലും സർക്കാർ സംവിധാനങ്ങൾ ഇനിയും കൂടുതലായി അഭയാർഥി പ്രശ്നത്തിനുമേൽ പതിക്കുമെന്നുറപ്പാണ്.

അഭയാർഥികൾ താമസിക്കുന്ന വീടുകൾക്കു നേരേയുള്ള ആക്രമണങ്ങൾ കഴിഞ്ഞ വർഷത്തേതിനെ അപേക്ഷിച്ച് ഇരട്ടിയായെന്ന് പോലീസ് റിപ്പോർട്ട്.

ഈ വർഷം ഇതുവരെ ഇത്തരത്തിൽ 437 ആക്രമണങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ജനുവരി ഒന്നു മുതൽ സെപ്റ്റംബർ 21 വരെയുള്ള കണക്കാണിത്. വസ്തുവകകൾക്ക് നാശനഷ്ടം വരുത്തുന്നതു കൂടാതെ, വിദ്വേഷ പ്രസംഗങ്ങളും അഭയാർഥിവിരുദ്ധ പ്രചാരണങ്ങളും ഇതിൽ ഉൾപ്പെടുന്നു.

കഴിഞ്ഞ വർഷം ആകെ രേഖപ്പെടുത്തിയിരുന്നത് ഇത്തരത്തിലുള്ള ഇരുനൂറ് കേസുകൾ മാത്രമായിരുന്നു. ഹൈഡനാവു എന്ന നഗരമാണ് ഏറ്റവും ഒടുവിലത്തെ ഉദാഹരണം.

ഇതിനിടെ പല ക്യാമ്പുകളിലും വിവിധ രാജ്യങ്ങളിൽ നിന്നുള്ള അഭയാർഥികൾ പരസ്പരം ഏറ്റുമുട്ടുന്ന സംഭവങ്ങളും റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇന്നലെ കാസലിലെ ഒരു ക്യാമ്പിൽ പാക്കിസ്ഥാൻകാരും അൽബേനിയക്കാരും ഏറ്റുമുട്ടിയപ്പോൾ പോലീസ് ഇടപെട്ടാണ് പിന്തിരിപ്പിച്ചത്. സംഭവത്തിൽ മൂന്നു പോലീസുകാർ ഉൾപ്പെടെ പതിനാലു പേർക്കു പരിക്കേറ്റു.

## ഡൽഹി കാലിഫോർണിയ വിമാന സർവീസ് ഡിസംബർ 2 മുതൽ



*സാൻഫ്രാൻസിസ്കോ:* ഡൽഹിയിൽനിന്നു കാലിഫോർണിയയിലേക്ക് നേരിട്ടുള്ള വിമാന സർവീസ് ഡിസംബർ രണ്ടു മുതൽ ആരംഭിക്കുമെന്ന് എയർ ഇന്ത്യ സിഎംഡി അശ്വനി ലോഹ അറിയിച്ചു.

വേൾഡ് ടൂറിസം ദിനമായ സെപ്റ്റംബർ 27നാണ് ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായത്. അമേരിക്കൻ പ്രവാസികളുടെ ദീർഘകാല സ്വപ്നമായിരുന്നു ഇതോടെ സഫലമായത്.

അമേരിക്കയിലെ എയർ ഇന്ത്യയുടെ നാലാമത്തെ വിമാനത്താവളമാണു നേരിട്ടുള്ള വിമാന സർവീസ് ആരംഭിക്കുന്ന കാലിഫോർണിയായിലെ സാൻഫ്രാൻസിസ്കോ. ന്യൂയോർക്ക്, ഷിക്കാഗോ എന്നിവയാണു മറ്റു സ്ഥലങ്ങൾ.

ബുധൻ, വെള്ളി, ഞായർ തുടങ്ങിയ ദിവസങ്ങളിൽ രാവിലെയാണ് ഇരുവശത്തേക്കുമുള്ള ബോയിംഗ് 777 -2000 സർവീസ് നടത്തുകയെന്ന് അശ്വനി പറഞ്ഞു.

**പി.പി. ചെറിയാൻ**

## ഡോ. മാത്യൂസ് മാർ തിമോത്തിയോസ് ജർമനി സന്ദർശിക്കുന്നു

**ജോസ് കുമ്പിളുവേലിൽ**



*കൊളോൺ/ബോൺ:* ഭദ്രാസന സന്ദർശനാർഥം ജർമനിയിൽ എത്തുന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ യുകെ-യൂറോപ്പ്-ആഫ്രിക്ക ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ തിമോത്തിയോസ് കൊളോൺ ബോൺ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നു.

ഒക്ടോബർ നാലിനു (ഞായർ) ബോണിലെ പീത്രൂസ് ആശുപത്രിയുടെ കപ്പേളയിൽ രാവിലെ 9.30ന് പ്രഭാത നമസ്കാരത്തെത്തുടർന്നു നടക്കുന്ന വിശുദ്ധ കുർബാനക്ക് ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മുഖ്യകാർമികത്വം വഹിക്കും. കുർബാനയ്ക്കുശേഷം നടക്കുന്ന സമ്മേളനം ഇടവക മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. സമൂഹവിരുന്നും ഉണ്ടായിരിക്കും. ആഘോഷങ്ങളിലേയ്ക്ക് ഏവരെയും ജർമനിയിലെ ഇന്ത്യൻ ഓർത്തഡോക്സ് സഭ കൊളോൺ ബോൺ ഇടവകയുടെ ഭാരവാഹികൾ സ്വാഗതം ചെയ്തു.

വിവരങ്ങൾക്ക്: തോമസ് പഴമണ്ണിൽ (ട്രസ്റ്റി) 0221 962000, 01731017700, ജിത്തു കുര്യൻ (ജനറൽ സെക്ര ട്ടറി) 0202 69358510.

പള്ളിയുടെ വിലാസം: St: Petrus Krankenhaus, Peter FriedhofenSaal Bonner Talweg 46,53113 Bonn.

## വിവാഹസംഘത്തിലെ 131 പേർ കൊല്ലപ്പെട്ടു

*സനാ:* യെമനിൽ വിവാഹസംഘം താമസിച്ചിരുന്ന കൂടാരത്തിനു നേർക്കുണ്ടായ വ്യോമാക്രമണത്തിൽ 131 പേർ കൊല്ലപ്പെട്ടു.

ചെങ്കടൽത്തീരത്തെ തുറമുഖ പട്ടണമായ മോച്ചായ്ക്കു സമീപമുള്ള അൽ വഹിജാ ഗ്രാമത്തിൽ തിങ്കളാഴ്ചനടന്ന ആക്രമണത്തിൽ മിസൈലുകൾ പതിച്ച് രണ്ടു കൂടാരങ്ങൾ തകർന്നു. ഹൗതിഷിയാ വിഭാഗക്കാരന്റെ വിവാഹത്തിന് എത്തിയവരാണ് കൊല്ലപ്പെട്ടത്. ആക്രമണത്തെ യുഎൻ അപലപിച്ചു.

സൗദി സഖ്യത്തിന്റെ യുദ്ധവിമാനങ്ങൾ അബദ്ധത്തിലാണ് കൂടാരങ്ങൾക്കുനേരേ ആക്രമണം നടത്തിയതെന്ന് ഒരു യെമൻ ഉദ്യോഗസ്ഥൻ അസോസിയേറ്റഡ് പ്രസിനോടു പറഞ്ഞു. എന്നാൽ തങ്ങളുടെ വിമാനങ്ങൾ ഈ മേഖലയിൽ ആക്രമണം നടത്തിയിട്ടില്ലെന്നു സൗദി സഖ്യത്തിന്റെ വക്താവ് ബ്രിഗേഡിയർ ജനറൽ അഹമ്മദ് അൽ അസേരി റോയിട്ടേഴ്സിനോടു പറഞ്ഞു. വടക്കൻ യെമനിലെ ഒരു ഗ്രാമത്തിൽ സൗദി സഖ്യം നടത്തിയ വ്യോമാക്രമണത്തിൽ 30 സിവിലിയന്മാർ കൊല്ലപ്പെട്ട് ഒരു ദിവസത്തിനുശേഷമാണ് വിവാഹപാർട്ടിക്കു നേരെ ആക്രമണം ഉണ്ടായിരിക്കുന്നത്.

യമനിൽ സംഘർഷം പൊട്ടിപ്പുറപ്പെട്ടശേഷം നടക്കുന്ന ഏറ്റവും വലിയ ആക്രമണമായിരുന്നു അൽ വഹിജായിലേതെന്നു യുഎൻ മനുഷ്യാവകാശ വക്താവ് റിപ്പോർട്ട് കോൾവിൽ പറഞ്ഞു.

യെമനിലെ പ്രതിസന്ധിക്കു സൈനികതലത്തിൽ പരിഹാരം കാണാനാവില്ലെന്നു യുഎൻ സെക്രട്ടറി ജനറൽ ബാൻ കി മൂൺ പ്രസ്താവിച്ചു.

ഇറാൻ പിന്തുണയുള്ള ഹൗതി ഷിയാകളും യെമൻ പ്രസിഡന്റ് ഹാദിയുടെ അനുയായികളും തമ്മിൽ സംഘർഷം ആരംഭിച്ചിട്ടു നാളുകളായി. തലസ്ഥാനമായ സനായുടെ നിയന്ത്രണം പിടിച്ച ഹൗതികളെ തുരത്താൻ സൗദി അറേബ്യയുടെ നേതൃത്വത്തിലുള്ള സഖ്യരാജ്യങ്ങൾ വ്യോമാക്രമണം നടത്തിവരികയാണ്. വ്യോമാക്രമണങ്ങളിൽ നിരവധി സാധാരണക്കാർക്കു ജീവഹാനി നേരിടുന്നതായി ആരോപണമുണ്ട്.

മാർച്ചിനുശേഷം വ്യോമാക്രമണത്തിലും കരയുദ്ധത്തിലുമായി 2355 സാധാരണക്കാർ ഉൾപ്പെടെ 5000 പേർ യെമനിൽ കൊല്ലപ്പെട്ടിട്ടുണ്ട്. ഹൗതികളെ പേടിച്ച് സൗദി അറേബ്യയിലേക്കു പലായനം ചെയ്ത പ്രസിഡന്റ് ഹാദിയും കാബിനറ്റും ഈയിടെ ഏഡൻ നഗരത്തിൽ മടങ്ങിയെത്തി.

ആഭ്യന്തരയുദ്ധത്തെത്തുടർന്ന് യെമനിൽ 15 ലക്ഷം പേർ അഭയാർഥികളായി. രാജ്യത്തെ ജനങ്ങളിൽ 80% പേർക്കും ജീവകാരുണ്യ സഹായം ആവശ്യുണ്ടെന്നാണു കണക്ക്.

സൗദി സഖ്യം നാവിക ഉപരോധം ഏർപ്പെടുത്തിയിരിക്കുന്നതുമൂലം യെമനിൽ സഹായം എത്തിക്കാൻ ബുദ്ധിമുട്ടു നേരിടുന്നതായി യുഎൻ കുറ്റപ്പെടുത്തി.


# St.Thomas Indian Orthodox Church

### 1009 Unruh Avenue, Philadelphia, PA 19111

**Rental Space Available**

**1. Community Hall**: Seating 1000 persons in auditorium style for community functions.seating for 600 persons in banquest style, beautiful ambience, serving countries, kitchens, and furniture.

**2. Sanctuary:** For Special occassions such as wedding, baptism, etc. An excellent Orthodox Architectural masterpiece Altar with efficient PA system, elevated stage etc, Seating 500 persons.

**3. Chapel:** Can hold approximately 100 persons, serene atmosphere, ideal for small communities, time flexibility, cozy atmosphere.

**4. Other Rooms:** Facility for workshop, enterpreneurial classes, training programs, spiritual fellowships, small parties for birthday, anniversary etc.

**Amenities:** 40 designated parking spaces and ambles street parking. Four sets of restrooms, open foyers, coatrooms, bridal rooms, etc. Reasonable rent, fully aircondtioned, convenient location, friedly neighborhood and more.

*For more information contact*

**(215)342-1500. Fax your needs to (215) 342-2700**

# മലയാളകവിതയിലെ രാജഹംസം

ഡോ.അമ്പലപ്പുഴ രാമവർമ



**ആ**രായിരുന്നു വയലാർ? അങ്ങനെയൊരു ചോദ്യം ചോദിക്കേണ്ടിവരുന്ന കാലമുണ്ടാകുമോ? കവിതയും സാഹിത്യവുമായി അല്പമെങ്കിലും ബന്ധം പുലർത്തുന്നവരോട് മലയാള കവിതയുടെ മാധുര്യം ഒരിറ്റെങ്കിലും നുണഞ്ഞിറക്കുവാൻ കഴിഞ്ഞിട്ടുള്ളവരോട്. ഏയ്! ഇല്ലേയില്ല.

അമ്മയുടെ മുലപ്പാലിന്റെ രുചി പറഞ്ഞറിയിക്കുവാനാവുന്നതാണോ? അതുപോലെയാണ് മാതൃഭാഷയുടെ രുചിരാനുഭൂതികളുടെ കാര്യവും. ആ അനുഭൂതികളുടെ ചേരുവയിൽ, ഇതുവഴി കടന്നുപോയ ഒരു ഗന്ധർവകവിയുടെ ആത്മാംശവും അലിഞ്ഞു ചേർന്നിരിക്കുന്നു. ഈ മണ്ണിന്റെ ഉറവകളിൽ നിന്നൂറ്റിത്തെളിച്ചെടുത്ത ദാഹതീർത്ഥം സ്വരവർണ്ണങ്ങളിൽ പകർന്ന, ഋതുഭേദങ്ങളുടെ രാജകുമാരന്റെ സ്നേഹിച്ചു മതിവരാതെ, ജീവിച്ചു കൊതിതീരാതെ സ്വരശ്രുതികൾ മുറിച്ച് യാത്ര പറഞ്ഞുപോയ ആ രാജകുമാരനായിരുന്നു വയലാർ. അതേ, വയലാർ രാമവർമ്മ. കാവ്യകല്പനകളുടെ പുഷ്പകിരീടമണിഞ്ഞ് ഭാവഗീതങ്ങളുടെ സ്വപ്നകൂടാരങ്ങൾ തുറന്ന മലയാളത്തിന്റെ പ്രിയപുത്രൻ.

ഒരു പുരുഷായുസ്സിന്റെ പാതിപോലും എത്താതെ ഒരു പകൽക്കിനാവിലെന്നതുപോലെ നമ്മെ വിസ്മയിപ്പിച്ചു കടന്നുപോയ വയലാറിന്റെ കാവ്യലോകം, കാവ്യസൗന്ദര്യം തുളുമ്പി നിൽക്കുന്ന സൗന്ദര്യലോകം അകാലത്തിൽ കൊഴിഞ്ഞുപോയ ഒരു പൂക്കാലത്തിന്റെ സ്മൃതികളാവും ആരിലുമുണർത്തുക. എങ്കിലും ആ പൂക്കാലം സമൃദ്ധവും സമ്പന്നവുമായ ഒരനുഭവ സാന്നിദ്ധ്യമായി മലയാളമനസ്സിന് ഇന്നും കുളിർമ പകരുന്നു. പേർത്തും പേർത്തും അതൊക്കെ അറിയുവാൻ ഇറങ്ങിത്തിരിക്കണമെന്നുമാത്രം.

അങ്ങനെയൊരു പുറപ്പാടിൽ അദ്ദേഹത്തിന്റെ ഹൃദയമുദ്രകൾ പതിഞ്ഞിട്ടുള്ള ഒരു കവിത ഒരു പുനർവായനയ്ക്കെടുക്കാം. പ്രശസ്ത നാടകകൃത്തും നടനും പ്രിയസുഹൃത്തുമായിരുന്ന പി.കെ.വിക്രമൻ നായർ അന്തരിച്ചപ്പോൾ വയലാർ എഴുതിയ രാജഹംസം എന്ന കവിത തികച്ചും വൈയക്തികമാണെന്നു തോന്നാമെങ്കിലും ആത്മോന്മാഥിയായ ഈ കവിത മലയാളത്തിലെ വിലാപകാവ്യങ്ങളിൽ ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ടവയുടെ കൂട്ടത്തിൽപ്പെടുന്നു. അതുകൊണ്ടുതന്നെയാണ് പ്രസിദ്ധമായ മറ്റു പല കവിതകളും വിട്ട് വ്യതിരിക്ത സ്വഭാവമുള്ള ഈ കവിതയെ മുൻനിർത്തി വയലാർ എന്ന സർഗ്ഗവിസ്മയത്തെ നോക്കിക്കാണാൻ ഇവിടെ ശ്രമിക്കുന്നത്.

പ്രശസ്തനായ പി.കെ.വേണുക്കുട്ടൻനായരുടെ സഹോദരനായിരുന്ന പി.കെ.വിക്രമൻനായർ. വയലാർ ഒരു ജ്യേഷ്ഠസഹോദരനായി കണ്ട വിക്രമൻനായരെക്കുറിച്ചും പ്രത്യേകിച്ച് ഒരു വിശദീകരണം ആവശ്യമില്ല. കെ.ബാലകൃഷ്ണൻ, മലയാറ്റൂർ രാമകൃഷ്ണൻ, വിക്രമൻനായർ തുടങ്ങിവരുമായി വയലാറിനുണ്ടായ സൗഹൃദം ഒരു കാലഘട്ടത്തിൽ സാംസ്കാരിക കേരളത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. അവരിൽ ആദ്യം അടർന്നുപോയത് വിക്രമൻനായരായിരുന്നു. ആ വേർപാട് തന്നിലേൽപ്പിച്ച ആഘാതമാണ് രാജഹംസം എന്ന കവിതയിലൂടെ വയലാർ അനാവരണം ചെയ്യുന്നത്. വെറും ഒരു അനുസ്മരണാഞ്ജലിയോ വിലാപസ്മൃതിയോ എന്നതിനപ്പുറം എത്ര ശക്തവും തീവ്രവുമായിരുന്നു ആ ബന്ധമെന്നറിയുവാൻ കവിയുടെ അകളങ്കമായ ആത്മാർപ്പണം രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുമ്പോഴാണാവുക.

മരണം എത്ര ക്രൂരമായി വന്ന് ആ രാജഹംസത്തെ അപഹരിച്ചുകളഞ്ഞു. കറുത്ത ചിറകുമായി പറന്നുവരുന്ന ഒരു കാലൻപക്ഷിയായി മരണത്തെ മറ്റു പല കവിതകളിലും ഗാനങ്ങളിലും വയലാർ അവതരിപ്പിച്ചിട്ടുണ്ട്. ഇവിടെയും തമോമയരൂപമായി എത്തിയ ആ മരണത്തോട് കവി പറയുന്നത് ശ്രദ്ധിക്കുക.

*കൈയിൽപ്പിടയുമെന്നാത്മാവുമായ് വന്നു*
*കൺമുന്നിൽ നിൽക്കും തമോമയരൂപമേ*
*എന്നെ ഞാൻ നൽകാ-മെനിക്കുതിരിച്ചു നീ*
*യെന്നുകൊണ്ടത്തരും വിക്രമൻചേട്ടനെ*

വിക്രമൻ ചേട്ടൻ വയലാറിന്റെ ആത്മമിത്രമായിരുന്നു. ആ ചേട്ടനെ തിരിച്ചു കിട്ടുവാൻ അഥവാ തിരിച്ചു തരുവാൻ തന്നെ സ്വീകരിച്ചുകൊള്ളൂ എന്നു പറയുമ്പോഴുള്ള വികാരം ഒന്നാലോചിച്ചു നോക്കൂ. ഇതാണ് യഥാർത്ഥ ആത്മസമർപ്പണം. സ്നേഹത്തിനു മുന്നിൽ, ഹൃദയബന്ധങ്ങൾക്കു മുന്നിൽ സ്വയം ഇല്ലാതാവുന്ന കവിമനസ്സിന്റെ സ്വർഗ്ഗീയ സൗന്ദര്യമെന്നോ, ഉദാത്തഭാവമെന്നോ, ഒക്കെപ്പറഞ്ഞാൽപോലും ഒന്നുമാവുന്നില്ല. അനുവാചകരിൽ വൈദ്യുതിസ്പർശംപോലെ വന്നു പതിക്കുന്ന ഹൃദയാക്ഷരികളാണവ. അവിടെയാണ് കവിയെ, കവിതയെ നാം അനുഭവിച്ചറിയേണ്ടത്.

ഒരു തുലാവർഷക്കാലത്തായിരുന്നു വിക്രമൻനായരുടെ വേർപാട്. വർഷകാലമേഘങ്ങൾ മൂടിക്കെട്ടി നിൽക്കുന്ന അന്തരീക്ഷം. ശോകസ്ഥായിഭാവം പുറത്തും അകത്തും കത്തിനിൽക്കുന്ന ഘട്ടം. തന്റെ ഹൃദയസരസ്സിൽ നീന്തിനടന്ന ഒരു രാജഹംസമായി വിക്രമൻ നായരെക്കാണുന്ന കവി അടക്കാനാവാത്ത സങ്കടത്തോടെ പ്രപഞ്ച ചേതനയോടോ പ്രകൃതിയോടോ വിളിച്ചു ചോദിക്കുന്നതു കേൾക്കുക.

*കൈയിലൊരിന്ദ്രധനുസ്സുമായി കാറ്റത്തു*
*പെയ്യുവാൻ വന്ന തുലാവർഷമേഘമേ*
*കദ്രനക്ഷത്രരജനിയിലിന്നലെ*
*കണ്ടുവോ നീയെന്റെ രാജഹംസത്തിനെ?*

ഈ വരികളുടെ സൗന്ദര്യം എങ്ങനെയാണ് വർണ്ണിക്കാനാവുക. ആരായിരുന്നു ആ ഹംസം. ജീവിതനാടകവേദിയിൽ ഈ പ്രപഞ്ചത്തിന്റെ മനോരാജ്യസന്ദേശശില്പവുമായി വന്ന, ഈറൻമിഴിയും നനഞ്ഞ ചിറകുമായി ഈ വഴിയേപോയ രാജഹംസം. നാടകം തീർന്നിട്ടില്ല. അവസാനരംഗം കൂടിയുണ്ട്. ഒന്നിച്ചു ഞങ്ങൾ അരങ്ങത്തു വന്നതാണ്. തന്നെ ഉപേക്ഷിച്ച് ആ നായകൻ എവിടെപ്പോയി? കവിയുടെ അന്വേഷണം, അല്ല ഹൃദ്രക്തത്തിൽ കുതിർന്ന ഉൽകണ്ഠാകുലമായ ആമന്ത്രണം ആരുടെ മനസ്സിലാണ് ചലനങ്ങൾ സൃഷ്ടിക്കാത്തത്. വികാരങ്ങൾക്കപ്പുറത്തുള്ള ഏതോ നിഗൂഢഭാവമാണ് ഇവിടെ മിന്നൽപ്പിണരുകൾപോലെ കവിഹൃദയത്തിൽ നിന്നു ചീളിവീഴുന്നത്. മുഴുവൻ വരികളും ഉദ്ധരിക്കുന്ന ഓരോ പദവും പ്രയോഗവും അവ്യാവ്യേയമായ ഒരു ഇഫക്ട് ആണ് ഉളവാക്കുന്നത്. ഒരു വയലാറിനുമാത്രമേ ഇങ്ങനെ എഴുതാനാവൂ. മനസ്സുകൊണ്ടോ ഇന്ദ്രിയങ്ങൾകൊണ്ടോപോലും തിരിച്ചറിയുവാനോ വ്യവച്ഛേദിക്കുവാനോ കഴിയുന്ന കവിതയുടെ സ്വരമണ്ഡപത്തിലിരുന്ന് കൊരുത്തെടുത്ത വർണ്ണ വൈഖരികൾ.

*സ്നേഹം മരിച്ചു കിടക്കുമെൻ കൂട്ടിലെക്കാഹാമടങ്ങിത്തിരിക്കുകയില്ല ഞാൻ*

എന്ന് ഇവിടെ പാടുന്ന വയലാറിന്റെ കാവ്യദർശനവും ജീവിതദർശനവും വിലയിരുത്തുവാനുള്ള പാഴ്‌വേലക്കൊരുങ്ങുന്നില്ല. അധികം വൈകാതെ ആ രണ്ടു രാജഹംസങ്ങളും തമ്മിൽ അകലെയകലെയുള്ള മാനസസ്സരസിൽ ഒന്നിച്ചു കൂടിയതു നാം കാണുക. അവിടെ താമരത്തണ്ടുകൾക്കിടയിലൂടെ നീന്തിനടക്കുന്ന ആ സുഹൃത്തുക്കളുടെ ആത്മമൈത്രിയുടെ മധുരം ഇവിടെയുള്ള നമ്മൾ എങ്ങനെയറിയാൻ!

അതേ, മലയാള കവിതയിലെ രാജഹംസമായിരുന്ന വയലാറിനെ അറിഞ്ഞവർ ആരാണ്? ആ പ്രതിഭയുടെ സൗന്ദര്യസ്വർഗ്ഗത്തിൽ മേഞ്ഞുനടന്നിട്ടുള്ളവരാരാണ്. ആരുമില്ല. ആരുമില്ല എന്നതല്ലേ സത്യം. ആ സത്യത്തിന്റെ നിത്യദീപ്തമായ സാന്നിധ്യം ബോധ്യപ്പെടുത്തുന്ന കവിതകളും ഗാനങ്ങളും നമ്മോടൊപ്പമുള്ളപ്പോൾ ഒരു നൈരാശ്യത്തിനും ഇടയില്ല എന്നുകൂടി അറിഞ്ഞുവയ്ക്കുക.

## പെയ്തൊഴിയാത്ത മിഴിനീർ

**വയലാർ ശരച്ചന്ദ്രവർമ്മ**

**എ**ങ്ങുപോയ്... എങ്ങുപോയ്...
പടിചാരാതെ എന്റെ അച്ഛൻ
ഒന്നുമേ... ഒന്നുമേ...
ഉരിയാടാതെ എന്റെ അച്ഛൻ
ഒരുക്കങ്ങളൊന്നുമില്ലാതെ
എനിക്കിന്നൊരുമ്മ തരാതെ
ഏകനായ് ഇറങ്ങി മെല്ലെ

ഉള്ളം പൊള്ളുമെന്നാൽ
വാത്സല്യനിധിയാകുമച്ഛൻ
കള്ളം ചെയ്തുവെന്നാൽ
നേരിന്റെ വഴിയാകുമച്ഛൻ
തുലാമേഘമലിയുന്ന വിണ്ണിൽ
നിലാ ദീപമണയുന്ന രാവിൽ
മാഞ്ഞുവോ... ദൂരെ...ദൂരെ...

എന്നും ജന്മമെന്നും
വിങ്ങുന്നൂ ബലിദാനമോടെ
ഇന്നോ ശ്രാദ്ധമേകാൻ
മുങ്ങുന്നു മിഴിനീരിലൂടെ
വരില്ലെന്നൊരശരീരിയോടെ
തുലാമിന്നലിടിനാദമോടെ
മിന്നിയോ... നെഞ്ചിലൂടെ...

സ്മരണ ഒക്ടോബർ 19

# കായലരികത്തു വലയെറിഞ്ഞ കെ. രാഘവൻ

■ ജോർജ് തഴക്കര

'കായലരികത്തു വലയെറിഞ്ഞപ്പോൾ...'

'എല്ലാവരും ചൊല്ലണ് എല്ലാവരും ചൊല്ലണ്...'

'ഏകാന്തപഥികൻ ഞാൻ...'

'കരിമുകിൽ കാട്ടിലെ....'

'മഞ്ഞണിപ്പൂനിലാവേ...' തുടങ്ങിയ ചലച്ചിത്രഗാനങ്ങളും

'തലയ്ക്കുമീതേ ശൂന്യാകാശം...'

'പാമ്പുകൾക്കു മാളമുണ്ട്...' തുടങ്ങിയ നാടകഗാനങ്ങളും തലമുറകൾക്ക് സമ്മാനിച്ച അനുഗൃഹീത സംഗീത സംവിധായകനാണ് കെ.രാഘവൻ മാസ്റ്റർ.

നാടൻശീലുകളുടെ രാഗഭാവങ്ങൾ മലയാളമണ്ണിനു ഇണങ്ങുന്നവിധത്തിൽ ചിട്ടപ്പെടുത്തി എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത.

'ബാല്യകാലസഖി'ക്കു വേണ്ടി തൊണ്ണൂറ്റിയൊമ്പതാം വയസ്സിലും ഗാനം ചിട്ടപ്പെടുത്തുവാനുള്ള അത്യപൂർവ്വമായ ഭാഗ്യം അദ്ദേഹത്തിനു മാത്രം അവകാശപ്പെട്ടതാണ്.

തലായിയിലെ നാടൻപാട്ടുകാരനായ മയ്യഴിക്കാരൻ കൃഷ്ണന്റെയും കുപ്പച്ചിയുടെയും മകനായി 1914 ഡിസംബർ 2ന് ജനിച്ചു. കടലിന്റെ ഇരമ്പമാണ് ആദ്യമായി ആ കാതുകളിലലയടിച്ച സംഗീതം.

തിറയും ഭജനയും ഓട്ടൻതുള്ളലും നടക്കുന്ന സ്ഥലങ്ങളിൽ ഭജനപ്പാട്ടുകാരനായിരുന്ന അച്ഛനോടൊപ്പവും ചിലപ്പോൾ അമ്പാടി ഇളേപ്പനോടൊപ്പവും പോകുമായിരുന്നു.

നാലാംഫാറം വരെ മാത്രമെ പഠിക്കുവാൻ കഴിഞ്ഞുള്ളു. പാട്ടിനോടുള്ള കമ്പം പഠനത്തെ ബാധിച്ചു. ചരിത്രാദ്ധ്യാപകനായ സുബ്രഹ്മണ്യമാണ് 'നിന്റെ വഴി സംഗീതത്തിന്റേതാണ്' എന്നു പറഞ്ഞത്. ഇതിനിടയിൽ കേളപ്പക്കുറുപ്പിന്റെ കളരിയിൽ കച്ചകെട്ടി അഭ്യസിക്കുകയും ചെയ്തു.

മുസ്ലീം തറവാടുകളിലെ ആഘോഷങ്ങളിൽ മാപ്പിളപ്പാട്ടും ഖവാലിയും അരങ്ങേറുമായിരുന്നു. ഖാദർ ബാഷയും ഗുൽമുഹമ്മദും എത്തുമായിരുന്നു. മാളികയുടെ മട്ടുപ്പാവിൽ നടക്കുന്ന സംഗീതമേളകൾ ഗേറ്റിന് പുറത്തുനിന്നു കേൾക്കുമായിരുന്നു.

പാട്ടുപഠിക്കണമെന്ന് പറയുമ്പോൾ വീട്ടിൽ കലഹമാണ്. പാട്ടുകൊണ്ട് ജീവിക്കാൻ കഴിയുമോ എന്നായിരുന്നു കോപിച്ചുകൊണ്ട് മത്സ്യത്തൊഴിൽ ഉപജീവനമാക്കിയിരുന്ന അച്ഛന്റെ ചോദ്യം.

സ്കൂളിൽ പഠിച്ചിട്ടു കാര്യമില്ലെന്നും ടൈപ്പ്റൈറ്റിംഗ് പഠിച്ചാൽ എളുപ്പം ജോലി ലഭിക്കുമെന്നും പറഞ്ഞ് രാഘവൻ അതു പഠിക്കാൻ പോകുന്നഭാവത്തിൽ നാണുഭാഗവതരുടെ അടുക്കൽ സംഗീതം പഠിക്കാൻ തീരുമാനിച്ചു. ബാലൻ എന്ന ചിത്രത്തിൽ അഭിനയിച്ച സുഹൃത്തായ എം.വി. ശങ്കുവിന്റെ നിർബന്ധവും ഇളേപ്പന്റെ താല്പര്യവും കണക്കിലെടുത്ത് രാഘവനെ പാട്ടു പഠിക്കാൻ അച്ഛൻ സമ്മതിച്ചു.

ഒരു കീർത്തനം പാടുവാൻ ഭാഗവതർ പറഞ്ഞു.

'രഘുവംശ സുധ....' എന്ന ത്യാഗരാജകീർത്തനം രാഘവൻ പാടി. പാടിത്തീർന്നപ്പോൾ ഭാഗവതർ പറഞ്ഞു.

'ഇതുതന്നെയാണ് പാട്ട്. ഇതിൽ കൂടുതലായി എന്തു പഠിക്കാൻ' അതൊരംഗീകാരമായിരുന്നു.

ജാതിപ്പോര് നിറഞ്ഞുനിന്ന കാലം. മുക്കുവചെക്കൻ പാട്ടു പഠിക്കുന്നു. സവർണ്ണനാവിൽ ക്ഷോഭം. ഭാഗവതരുടെ അടുക്കൽ പഠിക്കാൻ പോകുന്ന കറുത്ത ചെക്കനെ കണ്ട് പലരും നെറ്റിചുളിച്ചു.

രാഘവൻ സംഗീതക്കച്ചേരി നടത്തണമെന്ന് സുഹൃത്തുക്കൾ നിർബന്ധിച്ചു. വായനശാലയ്ക്കുവേണ്ടിയുള്ള ധനസമാഹരണത്തിന്റെ ഭാഗമായി കച്ചേരി നടന്നു. ഹാർമോണിയവും മൃദംഗവും വായിക്കുന്നവരെ ഭാഗവതർതന്നെ കണ്ടെത്തി.

പാടിതെളിഞ്ഞുതുടങ്ങിയ രാഘവൻ മുസ്ലിം വീടുകളിൽ പാടാൻ പോകും. ഹാർമോണിയത്തിന്റെ സഹായത്താൽ രാവേറെയാകുവോളം പാടും. അഭിനന്ദനം മാത്രമായിരുന്നു ആദ്യകാലപ്രതിഫലം. കല്യാണവീടുകളിൽ പാടാൻ തുടങ്ങിയതോടെ പ്രതിഫലം കിട്ടിത്തുടങ്ങി. രാഘവനും കൂട്ടുകാരും വട്ടമിട്ടിരുന്നു പാടും. നടുവിൽ വച്ച സ്റ്റൂളിൽ ഒരു പ്ലേറ്റുണ്ടാവും. വരുന്നവർ അതിൽ നാണയത്തുട്ടുകളിടും. ഭാഷയറിയില്ലായെങ്കിലും തമിഴിലെയും ഹിന്ദിയിലെയുമായിരുന്നു പാട്ടുകൾ. കുറച്ചുകാലം പിടിച്ചുനിന്നുവെങ്കിലും ജീവിക്കുവാൻ മറ്റു മാർഗ്ഗമില്ലായെന്നു കണ്ടപ്പോൾ അമ്മയുടെ സഹോദരിയുടെ മകൻ കരുണേട്ടന്റെ താല്പര്യപ്രകാരം 1937ൽ തലശ്ശേരിയിൽന്ന് നിന്നും ചരക്കുകപ്പലിൽ ബോംബെയ്ക്കു പോയി. കാൽടെക്സ് കമ്പനിയുടെ ഫുട്ബോൾ ടീമിലും അംഗമായി ജോലിയിൽ പ്രവേശിച്ചു. സംഗീതത്തിലാണ് തനിക്ക് താല്പര്യമെന്നും അതിനായി ദരിദ്രനായി ജീവിക്കാൻ തയ്യാറാണെന്നും പറഞ്ഞു. കരുണേട്ടൻ ഒരു ഹാർമോണിയം വാങ്ങി നൽകി. ഒരുവർഷം അവിടെ കഴിഞ്ഞു. പിന്നീട് ചെന്നൈയിലെത്തി. എത്തിരാജ് എന്ന തമിഴൻ രാഘവന്റെ ജീവിതത്തിലേക്ക് കടന്നുവന്നു. ഒരു സ്വകാര്യ സദസ്സിൽ വെച്ചാണ് രാഘവന്റെ പാട്ട് അയാൾ കേൾക്കുന്നത്. ചെന്നൈ എ.ഐ.ആറിൽ ഓഡിഷൻ ടെസ്റ്റിനുള്ള ക്ഷണം ലഭിച്ചു. ഫിലിം എഡിറ്ററായ ഗോപാലനെ ചെന്നൈയിൽ വച്ച് പരിചയപ്പെട്ടു. എഗ്മൂർ സ്റ്റേഷനിലെ തംബുരു ആർട്ടിസ്റ്റായി നിയമനം ലഭിച്ചു. ജി.പി.സി. നായരുടെ സ്നേഹവും തണലും സഹായകമായി. അവിടെ നിന്നും ഡൽഹിയിലേക്ക് മാറി. ക്വിറ്റ് ഇന്ത്യാ സമരകാലം. ലോകയുദ്ധത്തിന്റെ കെടുതികളും ഇന്ത്യാവിഭജനത്തിന്റെ ദുരിതങ്ങളും നേരിട്ടു കാണുവാൻ കഴിഞ്ഞു. അമ്പരപ്പിന്റെ നടുവിലുള്ള ജീവിതം.

ദി ഗ്രേറ്റ് ഈസ്റ്റേൺ സർക്കസിലെ പ്രമുഖതാരമായിരുന്ന പി.കേശവൻ രാഘവന്റെ ബന്ധുവായിരുന്നു. അദ്ദേഹം സർക്കസിന്റെ ഭാഗമായി ഡൽഹിയിലെത്തിയപ്പോൾ രാഘവനെ കണ്ടു. നാട്ടുകാരിയും കറാച്ചി വിമൻസ് ഓക്സിലറി കോർ ഉദ്യോഗസ്ഥയുമായിരുന്ന യശോദ കെ. രാഘവന്റെ ജീവിതത്തിലേക്ക് കടന്നുവന്നത് രാഘവന്റെ താല്പര്യപ്രകാരമായിരുന്നു.

1950ൽ കോഴിക്കോട് റേഡിയോ നിലയം ആരംഭിച്ചതോടെ കെ.രാഘവൻ നാട്ടിലെത്തി. ലളിതഗാനത്തിന്റെ ചുമതലക്കാരനായി. അക്കിത്തം, പി.ഭാസ്ക്കരൻ, തിക്കോടിയൻ, ഉറൂബ്, കെ.എസ്.കൊടുങ്ങല്ലൂർ തുടങ്ങിയവരോടൊപ്പമുള്ള പ്രവർത്തനം കെ.രാഘവന്റെ ജീവിതത്തിനു പുതുമാനങ്ങൾ നൽകി. ലളിതഗാനത്തിനും ലളിതസംഗീതത്തിനും തുടക്കും കുറിക്കുന്നതിനു ഈ സൗഹൃദം വഴിയൊരുക്കി. അതൊരു ഗാനശാഖയായി തിടംവച്ചു വളർന്നു. 1976ൽ ആകാശവാണിയിൽനിന്നും പിരിഞ്ഞു.

പി.ഭാസ്കരൻ എന്ന കവിയും സുഹൃത്തും ഇല്ലായിരുന്നുവെങ്കിൽ രാഘവൻമാസ്റ്റർ എന്ന സംഗീത സംവിധായകൻ ഉണ്ടാകുമായിരുന്നില്ലായെന്ന് പലവുരു ആവർത്തിച്ചിട്ടുണ്ട്.

പൊൻകുന്നം വർക്കിയുടെ കതിരുകാണാക്കിളി(1950), എസ്.കെ.പൊറ്റെക്കാട്ടിന്റെ പുള്ളിമാൻ (1951) എന്നീ കൃതികൾ സിനിമയായപ്പോൾ അതിനുവേണ്ടി സംഗീതസംവിധാനം നിർവ്വഹിച്ചുവെങ്കിലും ആ ചലച്ചിത്രങ്ങൾ പുറത്തുവന്നില്ല.

1954ൽ പുറത്തിറങ്ങിയ നീലക്കുയിലിലെ സംഗീതത്തിലൂടെയാണ് കെ.രാഘവൻ മലയാളിക്കു പ്രിയങ്കരനാകുന്നത്. 'കായലരികത്തു വലയെറിഞ്ഞപ്പോൾ...' എന്ന ഗാനം മാസ്മരികശക്തിയോടെയാണ് പ്രവഹിച്ചത്. അതോടെ കെ.രാഘവൻമാസ്റ്റർ പ്രസിദ്ധനായി. പാട്ടുകച്ചേരികൾക്കുള്ള വിളിവന്നു.



എം.ബി.ശ്രീനിവാസനും ബാബുരാജും വി.ദക്ഷിണാമൂർത്തിയും ദേവരാജനും ചലച്ചിത്രഗാനരംഗത്ത് ആധിപത്യം ഉറപ്പിച്ചിരുന്ന കാലത്താണ് കെ.രാഘവൻ രംഗപ്രവേശനം ചെയ്യുന്നത്.

കെ.പി.എ.സിയിൽ സംഗീതവിദ്യാലയം തുടങ്ങിയപ്പോൾ തോപ്പിൽഭാസിയുടെ നിർബന്ധപ്രകാരം അതിന്റെ ചുമതലയേറ്റു. ദേവരാജൻ മാഷിനു പകരക്കാരനായിട്ടാണ് കെ. രാഘവൻ കെ.പി.എ.സിയിൽ എത്തുന്നത്. ദേവരാജനു സിനിമയിൽ തിരക്കു കൂടിയപ്പോൾ അശ്വമേധത്തിലെ ഗാനങ്ങൾ ചിട്ടപ്പെടുത്തിയത് കെ.രാഘവനാണ്. തുടർന്ന് പത്തൊമ്പത് നാടകങ്ങൾക്കു വേണ്ടി നൂറോളം ഗാനങ്ങൾക്ക് ഈണം നൽകി. തോപ്പിൽഭാസിയുടെ വിയോഗത്തെ തുടർന്ന് രാഘവൻമാസ്റ്റർ കെ.പി.എ.സി. വിട്ടു. തലശ്ശേരി ജഗന്നാഥക്ഷേത്രത്തിനു തെക്കുഭാഗത്തായി ഒരു വീടു വാങ്ങി ശിഷ്ടജീവിതം നയിച്ചു.

ആദ്യകാലത്തെ മലയാള സിനിമാപാട്ടുകൾ ഹിന്ദി, തമിഴ് പാട്ടുകളുടെ ഈണത്തിലുള്ളതായിരുന്നു. സംഗീതത്തിന്റെ പകർത്തെഴുത്തു നടന്നിരുന്ന കാലത്താണ് രാഘവൻ മാഷ് മലയാളത്തിന്റെ ഈണവും താളവും രാഗവുമായി വരുന്നത്. അതുകൊണ്ടുതന്നെ ആ ഗാനങ്ങൾ ശ്രദ്ധിക്കപ്പെട്ടു. ഗായകരെയല്ല, അനുയോജ്യമായ ശബ്ദങ്ങളെയാണ് രാഘവൻ മാസ്റ്റർ അന്വേഷിച്ചത്. അതുകൊണ്ടു തന്നെ പാട്ട് മുന്നിലും ഗായകർ പിന്നിലുമായിരുന്നു.

കഥകളിസംഗീതവും സോപാന സംഗീതവും മാപ്പിളപ്പാട്ടും തിരുവാതിരയും കൈകൊട്ടിപ്പാട്ടും ചവിട്ടുനാടകവും മാപ്പിളപ്പാട്ടുമെല്ലാം ചേർന്ന മണ്ണിന്റെ ഗന്ധം രാഘവൻമാസ്റ്ററിന്റെ ഗാനത്തിൽ നിറഞ്ഞുനിന്നു. വാക്കുകളുടെ നീട്ടിക്കുറക്കലുകളിലൂടെ വരികൾക്ക് അതുവരെ ഇല്ലാതിരുന്ന ചില അർത്ഥങ്ങൾ ലഭിക്കും. ശാസ്ത്രീയസംഗീതത്തെ ലളിതസംഗീതത്തിൽ ലയിപ്പിക്കുവാനുള്ള പ്രത്യേക കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

ബ്രഹ്മാനന്ദൻ, ആകാശവാണി അനൗൺസറായിരുന്ന കെ.പി. ഉദയഭാനു, മുരളി എന്നിവരെ മലയാള ചലച്ചിത്രഗാനരംഗത്ത് പരിചയപ്പെടുത്തിയത് രാഘവൻ മാസ്റ്ററായിരുന്നു. പി.ഭാസ്കരൻ- രാഘവൻ; വയലാർ- രാഘവൻ ടീം ഒരുക്കിയ ഗാനങ്ങൾ മലയാള ചലച്ചിത്രഗാനശാഖയ്ക്ക് അനർഘങ്ങളായ സംഭാവനകൾ നൽകി. 63 ചലച്ചിത്രങ്ങളിലും നാടകങ്ങളിലൂടെയുമായി നാനൂറിലേറെ ഗാനങ്ങൾക്കാണ് രാഘവൻമാസ്റ്റർ ഈണം പകർന്നത്.

നിരവധി പുരസ്കാരങ്ങൾ രാഘവൻ മാസ്റ്ററിനെ തേടിയെത്തി. കെ.പി.എ.സിയുടെ പാഞ്ചാലി എന്ന നാടകത്തിന്റെ പശ്ചാത്തലസംഗീതത്തിന് 1986ലെ സംസ്ഥാന നാടക അവാർഡ് ലഭിച്ചു. സമഗ്രസംഭാവനയ്ക്കുള്ള ജെ.സി.ഡാനിയേൽ പുരസ്കാരം (1998), മികച്ച സംഗീത സംവിധായകനുള്ള സംസ്ഥാനസർക്കാരിന്റെ അവാർഡ് രണ്ടുതവണ– (നിർമാല്യം 1973, പൂജയ്ക്കെടുക്കാത്ത പൂക്കൾ 1977), സ്വരലയ യേശുദാസ് അവാർഡ് (2006), എം.ജി.രാധാകൃഷ്ണൻ അവാർഡ് (2011), കേരള സംഗീത നാടക അക്കാദമി ഫെലോഷിപ്പ്, കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷൻ അവാർഡ്, ഖത്തർ ഐ.സി.ആർ.സിയുടെ ബാബുരാജ് അവാർഡ്, കമുകറ അവാർഡ്, സിനി മ്യൂസീഷ്യൻസ് അവാർഡ് എന്നിവയും ലഭിച്ചു. 2010ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു. 2013ൽ കണ്ണൂർ സർവകലാശാല ഡി.ലിറ്റ് നൽകി.

തൊണ്ണൂറു വയസ്സിനുശേഷവും കച്ചേരികളിൽ പങ്കെടുത്തിരുന്നു. 'മലയാളസിനിമയുടെ സൗന്ദര്യം' എന്ന പേരിൽ കെ.രാഘവനെക്കുറിച്ച് ശ്രീകുമാരൻതമ്പി ഡോക്യുമെന്ററി നിർമ്മിച്ചിട്ടുണ്ട്. 'മധുരമീ ജീവിതം' ആത്മകഥയാണ്.

സംഗീതത്തിന്റെ കടലിലേക്ക് വലയെറിഞ്ഞ് നല്ല കുറേ ഗാനങ്ങൾ സമ്മാനിച്ചാണ് കെ.രാഘവൻ 2013 ഒക്ടോബർ 19ന് മലയാളക്കരയിൽ നിന്നും വിടപറഞ്ഞത്.

# ലോകസഞ്ചാരിയുടെ ദേശം



വള്ളികുന്നം രാജേന്ദ്രൻ

**എസ്.**കെ.പൊറ്റെക്കാട്ടിന്റെ മൂന്നു നോവലുകൾ സവിശേഷമായ പഠനം ആവശ്യപ്പെടുന്നവയാണ്. ഒരു ദേശത്തിന്റെ കഥ, ഒരു തെരുവിന്റെ കഥ, വിഷകന്യക എന്നിവ വായനക്കാരുടെ മുമ്പിൽ ആസ്വാദനത്തിന്റെ ഗോപുരങ്ങൾ സൃഷ്ടിച്ചുകൊണ്ട് വേറിട്ടു നിൽക്കുന്നു. ഇതിൽ ഒരു ദേശത്തിന്റെ കഥ മലയാള നോവൽ ആഖ്യാനകലയിൽ ഋതുപ്പകർച്ച സമ്മാനിച്ച ആവിഷ്കാരാനുഭവമായിരുന്നു.

അതിരാണിപ്പാടം ഒരു സാങ്കല്പിക ഗ്രാമമല്ല. അത് ചിതലിപോലെ ജനിമൃതികൾക്കിടയിൽ അടയാളപ്പെട്ടുപോയ വിജയന്റെ വിഷാദദേശവുമല്ല. ശെയ്ത്താൻമാരുടെയും ജിന്നുകളുടെയും പ്രഹേളിക സൃഷ്ടിച്ചുകൊണ്ട് ഒറ്റപ്പെട്ടുനിൽക്കുന്നുമില്ല. മറിച്ച് കേരളീയ ദേശങ്ങളുടെ ഒരു കാലഘട്ടത്തിന്റെ മുഖരേഖയാണത്. 'അതിരാണിപ്പാടം'പോലെ ഒരു ദേശം കേരളത്തിൽ ഇന്നില്ല. അവിടെ ജീവിച്ച മനുഷ്യരെപ്പോലെയുള്ളവർ ഇനി ഉണ്ടാവുകയുമില്ല. ഒരു ജീവിതാവസ്ഥ മാഞ്ഞുപോകുമ്പോൾ അതിനെ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആന്തരിക ജീവിതങ്ങളും പോക്കുവെയിൽ പോലെ മാഞ്ഞുപോകുന്നതിന്റെ വേദനിപ്പിക്കുന്ന ചിത്രമാണ് എസ്.കെ നമുക്ക് തന്നിട്ടുപോയത്. ഗ്രാമങ്ങൾ അർദ്ധനഗരങ്ങളാവുകയും ഗ്രാമനഗരങ്ങളെ വേർതിരിക്കാനാവാത്തവിധം ആഗോളഗ്രാമം യാഥാർത്ഥ്യമാക്കുകയും ചെയ്തതോടെ എസ്.കെ.വരച്ചിട്ട അതിരാണിപ്പാടവും അതിന്റെ വിശുദ്ധിയും ഒരു പ്രാക്തന ചരിത്രരേഖയായി നിലനിൽക്കും.

ദേശവാസികൾ ഒന്നടങ്കം കഥാപാത്രങ്ങളാവുകയും അവരുടെ ഒട്ടും പകിട്ടില്ലാത്ത ജീവിതത്തെ അതിന്റെ നഗ്നതയിൽ അവതരിപ്പിക്കുകയും ചെയ്യുന്നിടത്താണ് എഴുത്ത് ആഖ്യാനകലയുടെ വരേണ്യതകളെ കുടഞ്ഞെറിയുന്നത്. ആദിമധ്യാന്തപ്പൊരുത്തമുള്ള ഒരു കഥാശില്പം ദൃഢമായ ശില്പഭംഗിയിൽ അവതരിപ്പിക്കുന്ന പൂർവ്വികരുടെ രചനാതന്ത്രങ്ങളെ ഉപേക്ഷിക്കുകയും മനുഷ്യന്റെ ഏകരൂപമല്ലാത്ത ജീവിതഗതിയെ അയഞ്ഞ രീതിയിൽ അവതരിപ്പിക്കുകയും ചെയ്യുന്നിടത്താണ് ഈ നോവൽ അതിന്റെ സൗന്ദര്യക്കാഴ്ച സൃഷ്ടിക്കുന്നത്. എഴുത്തുകാരൻ പ്രധാന കഥാപാത്രമാകുമ്പോൾ തന്നെ ദൃക്സാക്ഷിയുടെ നിർമമതയും കാത്തുസൂക്ഷിക്കുന്നു. ബാല്യ കൗമാര യൗവ്വനങ്ങളിലൂടെ ഒരു വ്യക്തി കടന്നുപോകുമ്പോൾ അവനും അവന്റെ ദേശത്തിനും സംഭവിച്ചുകൊണ്ടിരിക്കുന്ന അതിസൂക്ഷ്മമായ മാറ്റം ഒരു കാല്പനികന്റെ തരളിതമായ ഹൃദയവിശുദ്ധിയോടെ അവതരിപ്പിക്കുന്നു.

ബാല്യകാലാനുഭവങ്ങൾ ഒട്ടനവധി എഴുത്തുകാർ വായനക്കാരുമായി പങ്കുവെച്ചിട്ടുണ്ട്. അനുഭവങ്ങളെ സജീവ ചിത്രങ്ങളാക്കി മാറ്റുമ്പോൾ ശൈശവത്തിന്റെ ജീവിതപരിസരം നഷ്ടമാക്കുകയും അതിഭാവുകത്വത്തിന്റെ കാടുകയറി എഴുത്തുകല മാഞ്ഞുപോകുകയും ചെയ്യുന്നതിന്റെ എണ്ണമറ്റ ഉദാഹരണങ്ങൾ നിരത്തി വെയ്ക്കുവാനാകും. മാധവിക്കുട്ടിയുടെ ബാല്യകാലാനുഭവങ്ങളിൽപോലും ഇതു പ്രകടമാണ്. എസ്.കെ.ബാല്യകാലാനുഭവങ്ങളും അവസ്ഥകളും അവതരിപ്പിക്കുമ്പോൾ ഏറെ പഴകിയ ഓർമകളുടെ കിളിവാതിൽ തുറന്നിടുന്നു.

എഴുത്തിൽ എപ്പോൾ ആത്മാംശം കടന്നുവരുന്നുവോ അപ്പോൾ പറച്ചിൽ സത്യസന്ധവും തീവ്രവുമായിത്തീരും. എസ്.കെ.തന്റെ ജീവിതമാകുന്ന ആൽബം വായനക്കാരുടെ മുന്നിൽ മലർക്കെ തുറന്നിട്ട്, മാറിനിന്ന് കണ്ണിറുക്കിക്കാട്ടി ചിരിക്കുകയാണ്. ഒരു ദേശത്തിന്റെ നന്മതിന്മകളോടൊപ്പം ഒഴുകിപ്പരന്നുപോയ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. അവസാനം അതിരാണിപ്പാടമുപേക്ഷിച്ച് സോമർസെറ്റ് മോമിനെപ്പോലെ ലോകത്തിന്റെ കൗതുകക്കാഴ്ചകളിലേക്ക് ഇറങ്ങിപ്പോകുമ്പോൾ കൂടെക്കൊണ്ടുപോയത് കവിതയുടെ കറുകനാമ്പും കുറച്ചു കയ്യെഴുത്തു പ്രതികളും മാത്രമായിരുന്നില്ല. ഒരു ദേശത്തെ ഒന്നാകെ കൂടെ കൊണ്ടുപോകുകയായിരുന്നു.

അതിരാണിപ്പാടം ശ്രീധരന്റെ പിതൃഭൂമിയാണ്. അച്ഛൻ കൃഷ്ണൻ മാസ്റ്റർ സ്വഭവനത്തിന്റെ അരക്ഷിതാവസ്ഥയിൽ നിന്നും ഇവിടെ ജീവിതപ്പച്ച തേടിയെത്തിയതായിരുന്നു. അതുകൊണ്ട് ശ്രീധരന് ആ ദേശദൃശ്യങ്ങൾ ഒരതിഥിയുടെ കൗതുകക്കാഴ്ചകളായിരുന്നു. അതിഥിയ്ക്ക് ആതിഥേയ ഗൃഹമുപേക്ഷിച്ച് പോകേണ്ടതുപോലെ അതിരാണിപ്പാടമുപേക്ഷിച്ച് പോകുവാൻ ശ്രീധരന് എളുപ്പത്തിൽ കഴിയുന്നു. പിന്നീടുള്ളത് പ്രവാസജീവിതമായിരുന്നു. മുപ്പത്തിയഞ്ച് വർഷത്തെ ദേശാടനത്തിനുശേഷം ലോകസഭാംഗമായി അതിരാണിപ്പാടത്തേക്കു വരുമ്പോൾ ഗൃഹാതുരത്വത്തോടെ ഓർമ്മിക്കുവാനുള്ള ദേശമായി അവിടം മാറിക്കഴിഞ്ഞിരുന്നു.

ലിയോ ടോൾസ്റ്റോയിയുടെ നോവലുകളുടെ പ്രധാനപരിമിതി കഥാപാത്രബാഹുല്യമാണ്. യുദ്ധവും സമാധാനവും, അന്നാകരിനീന എന്നീ നോവലുകളിൽ കഥാപാത്രങ്ങൾ തിക്കിത്തിരക്കി വരുന്നതിൽ വായനയുടെ ഏകാഗ്രതയ്ക്ക് തടസ്സം സൃഷ്ടിക്കാറുണ്ട്. എസ്.കെ കഥാപാത്രങ്ങളെ വളർത്തിക്കൊണ്ടുവരുന്നതിൽ സൂക്ഷ്മ ശ്രദ്ധാലുവല്ല. സി.വി.യെപ്പോലെയുള്ള മുൻഗാമികൾ കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിൽ കാണിച്ച സൂക്ഷ്മത എസ്.കെയ്ക്കില്ല. ഒരു ദേശത്തിന്റെ കഥ എസ്.കെ.യുടെ എഴുത്തുപരിമിതികളെ മുറിച്ചുകടക്കുന്നുണ്ട്. ചില ജീവതാവസ്ഥകളെ അടയാളപ്പെടുത്തുവാൻ അദ്ദേഹം കുടുംബാംഗങ്ങളേയും ദേശവാസികളേയും കഥാപാത്രങ്ങളാക്കിയിരിക്കുന്നു. സ്വസഹോദരനായ കുഞ്ഞാപ്പുതന്നെയാണ് മികച്ച ഉദാഹരണം. ആദർശവാനും അദ്ധ്യാപകനുമായ കൃഷ്ണൻമാസ്റ്ററുടെ മകൻ അജ്ഞാതമായ ജീവിതഗതിയുടെ പാഴ്മുളയായി വളരുകയും തകർന്നടിയുകയും ചെയ്യുന്നു. ശ്രീധരന് അതിരാണിപ്പാടവുമുപേക്ഷിക്കുവാൻ നിമിത്തമാകുന്നത് ഈ ബന്ധു കുഞ്ഞാപ്പുവാണ്. മറ്റൊരു സഹോദരൻ ഗോപാലൻ യൗവ്വനത്തിന്റെ മദപ്പാടിൽ അകപ്പെടുകയും ദയനീയമായി മരണവക്ത്രത്തിൽ വീണടിയുകയും ചെയ്യുന്നു. കവിതയുടെയും കഥയുടെയും ലഹരിയിൽ ഒഴുകിപ്പോയ ശ്രീധരനും അച്ഛന്റെ ഇച്ഛയ്ക്കൊത്ത് വളർന്നില്ല. മാനസിക സംഘർഷമാകാം കൃഷ്ണൻ മാസ്റ്ററുടെ ആദർശജീവിതത്തെ ഹൃദയാഘാതത്തിലേക്ക് നയിച്ചത്. അച്ഛന്റെ മരണശേഷം കുടുംബം വിറ്റ്, അമ്മയേയും കൈപിടിച്ചിറങ്ങിപ്പോകുന്ന ശ്രീധരൻ ഒരു ദുരന്തകഥാജീവിതത്തിലെ ദൃക്സാക്ഷിയും അഭിനേതാവുമാണ്. വിപുലമായ അർത്ഥത്തിൽ ദുരന്തമാനമുള്ളതാണ് ശ്രീധരന്റെ കുടുംബം. തന്റെ കുടുംബത്തിന് സംഭവിച്ച തകർച്ചയെ നിർമമതയോടെ നോക്കിക്കാണുവാൻ കഴിയുന്ന ഒരു ലോകമനസ്സ് എസ്.കെയ്ക്കുണ്ട്. പിന്നീട് ആഫ്രിക്കയടക്കമുള്ള ഏതു ഭൂപ്രദേശവും സ്വന്തം ഭവനമായി കാണുവാൻ കഴിഞ്ഞത് സ്വഭവനം ഉപേക്ഷിക്കുവാനായതുകൊണ്ടാണ്. ലോകം കാണുവാനിറങ്ങിയ സ്റ്റിവൺസൺ അജ്ഞാതവൻകരകൾ കണ്ടെത്തിയതുപോലെ എസ്.കെ. മലയാളികളെ ലോകമാകമാനമുള്ള ഭവനങ്ങളിലേക്കും ഇടങ്ങളിലേക്കും നയിച്ചത് ഭവനമുപേക്ഷിക്കുവാനിടയാക്കിയ വിധിപൂർവ്വകമായ വിസ്മയങ്ങളായിരുന്നു.

ശ്രീധരന് അതിരാണിപ്പാടം പോലെ പ്രിയപ്പെട്ടതായിരുന്നു അമ്മനാടായ ഇലഞ്ഞിപ്പൊയ്കയും. ശരിക്കും ബാല്യകാലാനുഭവങ്ങളുടെ രസക്കൂട് നിറച്ചതും അവിടെനിന്നായിരുന്നു. ഇലഞ്ഞിപ്പൊയ്ക സ്ഫുടം ചെയ്തെടുത്ത ഗ്രാമമായിരുന്നു. അവിടെ കാടും മേടുമുണ്ടായിരുന്നു. ശ്രീധരൻ കിളിപ്പാട്ടു കേട്ടതും ഇലഞ്ഞിപ്പഴത്തിന്റെ കവർപ്പറിഞ്ഞതും തളർന്നുവീണ നാരായണിയുടെ ചിരിനിലാവനുഭവിച്ചതും അവിടെവെച്ചായിരുന്നു. നാരായണിയുടെ സഹോദരൻ അപ്പുവായിരുന്നു ശ്രീധരനെ ഭൂമിയുടെ ഊടുവഴികളിലേക്കും കാട്ടിലെ തരുശിഖരങ്ങളിലേക്കും നയിച്ചത്. ഇന്റർമീഡിയേറ്റ് പരീക്ഷ മൂന്നാമതും എഴുതി തോറ്റ ശ്രീധരൻ ഇലഞ്ഞിപ്പൊയ്കയിലേക്ക് വീണ്ടും വരുന്നുണ്ട്. ഇലഞ്ഞിപ്പൊയ്കലിന്റെ രൂപ ഭാവങ്ങളിൽ കാലം പല കയ്യേറ്റങ്ങളും നടത്തിക്കഴിഞ്ഞിരുന്നു. 'ഒരു കാർഷിക സാമ്രാജ്യം മുക്കാലും ക്ഷയിച്ച നിലയിലാണ്. കിഴക്കുഭാഗത്തെ നെൽവയൽ അന്യരുടെ കൈവശമാണ്. എരണ്ടപ്പക്ഷികൾ വിരുന്നുവരാറുള്ള ചാലിമുക്കാലും തൂർന്ന് അവിടെ ആരോ നെൽകൃഷി തുടങ്ങിയിരിക്കുന്നു... ഒരു തെച്ചിപ്പഴം പറിച്ചു തിന്നു. പണ്ടത്തെ സ്വാദു തോന്നിയില്ല.'

ഓരോ വായനക്കാരനെയും ആന്തരിക മൂകതയിലേക്കും പൂന്താന ദർശനത്തിലേക്കും നയിക്കുന്ന രണ്ടു കഥാപാത്രങ്ങൾ 'ഒരു ദേശത്തിന്റെ കഥ'യിൽ കടന്നുവരുന്നു. അത് കേളഞ്ചേരി തറവാട്ടിലെ കുഞ്ഞിക്കേളുമേലാനും അളിയൻ കുട്ടപ്പനുമാണ്. കൊടിനാട്ടിയ ജീവിതമായിരുന്നു കുഞ്ഞിക്കേളുമേലാന്റേത്. അതിവിപുലമായ ഭൂസ്വത്തും ഈടിരുപ്പുകളും കടൽപോലെ വിശാലമായ സമ്പത്തുമുണ്ടായിരുന്നയാൾ. ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിൽ നിന്നും പ്രത്യേക ഓർഡർ ചെയ്തു നെയ്തുണ്ടാക്കിയ അങ്കവസ്ത്രവും ദോത്തിയും ധരിച്ച് പ്രഭുവിനെപ്പോലെ ജീവിച്ചു. കൈവിരലുകളിൽ വെട്ടിത്തിളങ്ങുന്ന രത്നമോതിരങ്ങൾ, ഷർട്ടിൽ വൈരക്കൽ പതിപ്പിച്ച കഫ്ബട്ടൻസ്, അക്കാലത്ത് ലഭിക്കാവുന്നതിൽ വച്ച് വിലകൂടിയ റിസ്റ്റ്വാച്ച്, ഒന്നുരണ്ട് അംഗരക്ഷകരുടെ അകമ്പടി, എല്ലാമുണ്ടായിരുന്ന അയാൾ അവസാനം കുലപർവ്വതം വീണുടയുന്നപോലെ നമ്മുടെ മുമ്പിൽ തകർന്നുവീഴുന്നു. അവസാനം തന്റെ പൊരിക്കാലും വലിച്ച് റോഡരുകിൽ നയാപൈസയ്ക്ക് കൈനീട്ടി നില്ക്കുന്ന ദൃശ്യം പൂന്താനം പകർന്നുതന്ന കാവ്യപാഠത്തിന്റെ തനിപ്പകർപ്പു തന്നെ. കുഞ്ഞിക്കേളു മേലാന്റെ സഹോദരിയെ വിവാഹം കഴിച്ച കുട്ടപ്പനും ജീവിതഗതിയിലെ മറ്റൊരു ദൃഷ്ടാന്തമാണ്. കുട്ടപ്പൻ ബാങ്കർ രാമന്റെ മകനായിരുന്നു. ബ്രിട്ടീഷ് ബാങ്കിലെ ഉദ്യോഗസ്ഥനായിരുന്നു. യൂറോപ്പിൽ പോയി വിദ്യാഭ്യാസം ചെയ്തയാൾ, ബാങ്കിനെ വഞ്ചിച്ച് ജയിലിലാകുന്നു. ജീവിതാവസാനം ഭിക്ഷ യാചിച്ചുകൊണ്ട് നഗരമധ്യത്തിലൂടെ വാതക്കാലുകൾ നീട്ടിവലിച്ചുകൊണ്ടുള്ള യാത്ര, എസ്.കെ വരച്ചുകാട്ടുകവഴി ഒരു വ്യക്തി കുടുംബജീവിതത്തിലും സ്വജീവിതത്തിലും പാലിക്കേണ്ട ആദർശാധിഷ്ഠിത ജീവിതത്തിന്റെ അനിവാര്യതയെ പരോക്ഷമായി ഉയർത്തിക്കാട്ടുന്നു.

അതിരാണിപ്പാടമുപേക്ഷിച്ച് പോകുന്ന ശ്രീധരൻ തിരികെ വരുമ്പോൾ ദേശം തിരിച്ചറിയാനാവാത്ത വിധം മാറുകയും ദേശവാസികളേറെയും കാലപ്രവാഹത്തിൽ ഒലിച്ചുപോകുകയും ചെയ്തിരുന്നു. ഓർമ്മയുടെ മർമ്മമുതിർക്കുവാൻ വേലുമൂപ്പൻ ദേശക്കാരണവരായി ജീവിച്ചിരിപ്പുണ്ട്. വിധിയുടെ അശനിപാതമേറ്റ് വിണ്ടുകീറിയ ഓർമ്മകളുമായി കഴിയുന്ന വേലുമൂപ്പൻ ഭൂതകാലത്തിലേക്കുള്ള ചൂണ്ടുപലകയാണ്. പഴയ കൗതുക വസ്തുക്കൾ ഓർമ്മിച്ചെടുക്കുവാനെത്തിയ ശ്രീധരന് വിദൂരസ്മൃതികളിലേക്കുള്ള ഒതുക്കുകല്ലാണ് ആ മനുഷ്യമസ്തിഷ്കം.

ഓർമ്മകളുടെ ശ്ലഥചിത്രങ്ങൾ പെറുക്കിക്കൂട്ടി വിസ്മയകരമായ രീതിയിൽ അടുക്കിവെയ്ക്കുന്നതിന്റെ കല 'ഒരു ദേശത്തിന്റെ കഥ'യെ കാലാതിവർത്തിയാക്കുന്നു. ഇവിടെ ജ്ഞാനപീഠജേതാവ് രണ്ടുവെടി ഉതിർത്തു. ഒന്ന് ആത്മകഥയെഴുതുവാനുള്ള പത്രാധിപന്മാരുടെ പ്രലോഭനങ്ങൾക്ക് നേർക്ക്. രണ്ട് ഭാവിയിൽ ജീവചരിത്രമെഴുതി തന്റെ ജീവിതത്തെ മഹത്ത്വവത്ക്കരിക്കുവാനുള്ള പാഴ്ശ്രമങ്ങൾക്ക് നേർക്ക്. മനുഷ്യസഹജമായ എല്ലാ ബലഹീനതകളിലൂടെയുമായിരുന്നു തന്റെ കൗമാര മനസ്സ് സഞ്ചരിച്ചതെന്നു പറയുവാനുള്ള സത്യസന്ധതയാണ് 'ഒരു ദേശത്തിന്റെ കഥ'യെ വായനക്കാരുടെ പ്രിയ പുസ്തകമാക്കി മാറ്റുന്നത്.

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.